# പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 9

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2015



## പ്രാദേശിക ഭരണം: സദ്ഭരണ സംവിധാനങ്ങൾ

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**

മാലിന്യമുക്ത കേരളം



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

ഡിസംബർ 2015

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 തദ്ദേശഭരണവും ജാഗ്രതയുള്ള പൊതുസമൂഹവും
ഡോ. എം.കെ. മുനീർ



8 ജനപ്രതിനിധികൾക്കായുള്ള പരിശീലന പരിപാടികൾക്ക് തുടക്കമായി



11 പ്രാദേശിക ഭരണം: സദ്ഭരണ സംവിധാനങ്ങൾ
ഡോ. വിനോദ് എസ്.

20 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും
ടി. ഷാഹുൽ ഹമീദ്



25 സിവിൽ രജിസ്ട്രേഷൻ സംവിധാനം തദ്ദേശഭരണ സ്ഥാപനങ്ങളിൽ
സുദേനൻ എസ്.

32 രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ
ജയചന്ദ്രൻ



35 ചെന്നൈ വെള്ളപ്പൊക്ക ദുരിത ബാധിതർക്ക് പഞ്ചായത്ത് ജീവനക്കാരുടെ സഹായ ഹസ്തം



36 നാദാപുരം ഗ്രാമപഞ്ചായത്ത് ജനസേവന പാതയിൽ



39 പദ്ധതി നിർവ്വഹണത്തിൽ ചെമ്പിലോട് മാതൃക



# പഞ്ചായത്ത് സാമൂഹ്യനീതി വകുപ് മന്ത്രി ഡോ. എം.കെ. മുനീറിന് യു.കെ. കേരള ബിസിനസ് ഫോറത്തിന്റെ അംഗീകാരം

പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ യു.കെ. കേരള ബിസിനസ് ഫോറത്തിന്റെ Innovations in administration and Best Minister അവാർഡിന് അർഹനായി. പഞ്ചായത്ത് വകുപ്പിലും, സാമൂഹ്യനീതി വകുപ്പിലും നടപ്പിലാക്കിയ നൂതന പദ്ധതികളാണ് ഡോ. മുനീറിനെ അവാർഡിന് അർഹനാക്കിയത്. പഞ്ചായത്ത് വകുപ്പിൽ നടപ്പിൽ വരുത്തിയ ഇ-ഗവേർണൻസ്, കുടുംബശ്രീയിലെ 'ഷീ ടാക്സി' സംവിധാനം, സാമൂഹ്യനീതി വകുപ്പിലെ വിവിധ പദ്ധതികൾ എല്ലാം തന്നെ അവാർഡിനായി പരിഗണിച്ചിരുന്നു. നവംബർ മാസം 26-ാം തീയതി യു.കെ.യിലെ ഹൗസ് ഓഫ് കോമൺസിൽ വച്ച് നടന്ന ചടങ്ങിലാണ് മന്ത്രി അവാർഡ് ഏറ്റുവാങ്ങിയത്.

2013-14, 2014-15 വർഷങ്ങളിലെ അധികാര വികേന്ദ്രീകരണത്തിനും പഞ്ചായത്ത് ശാക്തീകരണത്തിനുമുള്ള ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചിരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ ചിട്ടയായ പ്രവർത്തനം മൂലം പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പുകൾ സ്വന്തമാക്കിയ നേട്ടങ്ങൾക്കുള്ള അംഗീകാരമാണ് ഈ അവാർഡുകൾ.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2015 | പുസ്തകം 55 | ലക്കം 9 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**അജ്മൽ ജെ.**
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ
**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**സി.എ. ലത ഐ.എ.എസ്.**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**അജ്മൽ ജെ.**
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്റോറിയൽ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ എല്ലാം തന്നെ അദ്ധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് പൂർത്തിയായി വരുന്നു. ഇനി ഏതാനും ചില ഗ്രാമപഞ്ചായത്തുകളിൽ കൂടി അദ്ധ്യക്ഷൻമാർ സ്ഥാനമേൽക്കാനുള്ളൂ. പുതുതായി സ്ഥാനമേൽക്കുന്ന പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും ജനപ്രതിനിധികൾക്കും വിപുലമായ പരിശീലന പരിപാടിയാണ് കില ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ പരിശീലന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ മാസം ഒന്നാം തീയതി തിരുവനന്തപുരത്ത് വച്ച് നടക്കുകയുണ്ടായി. പഞ്ചായത്ത് ഭരണ സംവിധാനത്തെക്കുറിച്ചും പഞ്ചായത്ത് ഭരണസമിതികളുടെ, അധികാരങ്ങളെ പറ്റിയും, ഉത്തരവാദിത്വങ്ങളെ പറ്റിയും വളരെ ലളിതമായി പ്രതിപാദിക്കുന്ന കൈപുസ്തകങ്ങൾ കില തയ്യാറാക്കിയിട്ടുണ്ട്. പ്രാദേശിക ഭരണം കാര്യക്ഷമവും, ഫലപ്രദമായും നടപ്പിലാക്കുന്നതിന് പുതിയ ജനപ്രതിനിധികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് ഈ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ ലക്ഷ്യ ബോധം ഉൾക്കൊണ്ട് വേണം എല്ലാ ജനപ്രതിനിധികളും പരിശീലനത്തിൽ പങ്ക് ചേരാൻ. ഈ പരിശീലനപരിപാടിയേയും, കൈപുസ്തകങ്ങളേയും പരമാവധി പ്രയോജനപ്പെടുത്തി പഞ്ചായത്ത് ഭരണസമിതിയുടെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകാൻ ഏവരും ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണ്.

പുതിയ ഭരണസമിതികൾ നേരിടാൻ പോകുന്ന ഒരു പ്രധാന വെല്ലുവിളിയാണ് വാർഷിക പദ്ധതി നിർവ്വഹണം തദ്ദേശഭരണ തിരഞ്ഞെടുപ്പിന്റെ തിരക്കിലായിരുന്നതിനാൽ പദ്ധതി നിർവ്വഹണം മന്ദഗതിയിലാണ് മുന്നോട്ട് നീങ്ങിയിട്ടുള്ളത്. പദ്ധതി ചിലവും അതുകൊണ്ട് തന്നെ മുൻ വർഷത്തെ അപേക്ഷിച്ച് പിറകിലാണ്. ഈ കുറവ് പരിഹരിച്ച് മുന്നോട്ട് പോകാനുള്ള തയ്യാറെടുപ്പ് പുതിയ ഭരണസമിതികളിൽ നിന്നും ഉണ്ടാകേണ്ടതാണ്. പദ്ധതി ചിലവ് നൂറ് ശതമാനത്തിൽ എത്തിക്കുവാനുള്ള സമയം ഇനിയും നമ്മുടെ മുന്നിലുണ്ട്. അതിന് വേണ്ടിയുള്ള അത്മാർത്ഥമായ ശ്രമങ്ങൾ ജനപ്രതിനിധികളിൽ നിന്നും, ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടാകണം എന്ന് മാത്രം. എത്ര കടുത്ത ഉത്തരവാദിത്വങ്ങളും സമയബന്ധിതമായി തീർപ്പാക്കുന്ന നമ്മുടെ പഞ്ചായത്ത് ജീവനക്കാർക്ക് ഈ ലക്ഷ്യവും സാധിച്ചെടുക്കുവാൻ പ്രയാസം ഉണ്ടാകും എന്ന് കരുതുന്നില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ ജനപ്രതിനിധികൾക്കും, പഞ്ചായത്ത് വകുപ്പിലെ എല്ലാ ജീവനക്കാർക്കും ക്രിസ്തുമസ്, പുതുവത്സര ആശംസകൾ നേരുന്നു.

**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

# തദ്ദേശഭരണവും ജാഗ്രതയുള്ള പൊതുസമൂഹവും




**ഡോ. എം.കെ. മുനീർ**

പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി


നമ്മുടെ പുതിയ വികസന പരിപ്രേക്ഷ്യത്തിൽ ചർച്ച ചെയ്യപ്പെടുന്ന മൂന്ന് പ്രധാന വിഷയങ്ങളാണ് തദ്ദേശഭരണം, പൊതുസമൂഹം, സാമൂഹ്യ മുന്നേറ്റം എന്നിവ. വർത്തമാനകാലത്തെ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും ഈ മൂന്ന് ഘടകങ്ങൾ ഏറെ പ്രസക്തമാണ്. അതുകൊണ്ടുതന്നെയാണ് പൊതുമണ്ഡലത്തിലും വിദഗ്ദ്ധരുടെ ഇടയിലും സാമൂഹ്യ പ്രവർത്തകരിലും മാധ്യമങ്ങളിലും ഇവ സജീവ ചർച്ചയാവുന്നത്.

പ്രാദേശിക ഭരണം എന്ന സങ്കൽപ്പത്തിന് മാനവരാശിയോളം പഴക്കമുണ്ട്. എന്നാൽ പണ്ഡിത സമൂഹത്തിലും പ്രായോഗിക രാഷ്ട്രീയം കൈകാര്യം ചെയ്യുന്നവരിലും അത് സജീവ ചർച്ചയായിട്ട് കാലം ഏറെയായില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ, അവയുമായി ബന്ധപ്പെട്ട ഗവൺമെന്റിന്റെ വിവിധ തലങ്ങൾ, അനൗപചാരിക മാനദണ്ഡങ്ങൾ, സംഘടനാ സംവിധാനം, സാമൂഹ്യ പ്രസ്ഥാനങ്ങൾ, കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ തുടങ്ങി ഒട്ടേറെ സ്ഥാപനവൽകൃതവും അല്ലാതെയുമുള്ള ഒരുപറ്റം ഘടകങ്ങൾ ഇവിടെ സമന്വയിക്കുന്നു. പ്രാദേശിക സദ്ഭരണം എന്നത് നിരവധി പ്രാദേശിക സേവനങ്ങൾ ലഭ്യമാക്കുന്നതിൽ മാത്രം പരമിതപ്പെടുത്താൻ കഴിയുന്നതല്ല. പ്രദേശവാസികളുടെ ജീവിതവും സ്വാതന്ത്ര്യവും പരിരക്ഷിക്കുക, ജനാധിപത്യ പങ്കാളിത്തത്തിനും പൗരന്റെ ശബ്ദം ശ്രദ്ധിക്കപ്പെടുന്നതിനും ഉള്ള വേദി ഒരുക്കുക, സുസ്ഥിര പരിസ്ഥിതി ഉറപ്പാക്കുന്ന വിപണന മേഖലയും പ്രാദേശിക വികസനവും, ജനജീവിതത്തിന്റെ ഗുണമേന്മ പരിപോഷിപ്പിക്കുക എന്നിവ കൂടി ഉൾച്ചേർന്നുള്ള വികസന-ക്ഷേമ പ്രവർത്തനങ്ങൾ പ്രാദേശിക സേവനങ്ങളോടൊപ്പം കൂടിച്ചേരുമ്പോഴാണ്



സദ്ഭരണം നിലവിൽ വരുക.

ഇന്ത്യയിൽ പ്രാദേശിക സർക്കാരുകൾ പ്രവർത്തനനിരതമായതും ജനാഭിമുഖ്യമുള്ളവയായതും ഭരണഘടനയുടെ 73, 74 ഭേദഗതികളോടെയാണല്ലോ. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറിക്കിട്ടിയ വിഷയങ്ങളിലും function, funds and functionaries എന്നിവയിലും തീരുമാനമെടുക്കാനുള്ള അധികാരം തദ്ദേശ സ്ഥാപനങ്ങളുടെ സ്വയംഭരണം കരുത്തുറ്റതാക്കി. ഭരണഘടനാ ഭേദഗതി പ്രകാരം കേരളത്തിലെ ആദ്യ തെരഞ്ഞെടുപ്പ് നടന്നത് 1995 ലാണ്. ജില്ലാ ആസൂത്രണ സമിതി, സംസ്ഥാന വികസന സമിതി, സംസ്ഥാന ധനകാര്യ കമ്മിഷൻ, ഓംബുഡ്സ്മാൻ, അപ്പലേറ്റ് ട്രിബ്യൂണലുകൾ, അറിയാനുള്ള പൗരന്റെ അവകാശം, പൗരാവകാശം, ഇൻഫർമേഷൻ കേരള മിഷൻ, ജാഗ്രതാ സമിതി, കുടുംബശ്രീ തുടങ്ങിയവയ്ക്ക് ആരംഭം കുറിച്ചത് ഈ പ്രക്രിയയുടെ ഭാഗമായിട്ടാണ്.

പ്രാദേശിക തലത്തിലെ ജനകീയാസൂത്രണത്തിന് ആരംഭം കുറിച്ചുകൊണ്ടാണ് കേരളം ഈ സംവിധാനം പ്രാവർത്തികമാക്കിയത്. വികേന്ദ്രീകരണത്തിന് അനുകൂലമായ ജനമനോഭാവം സൃഷ്ടിക്കുന്നതിൽ വലിയ ഒരളവ് ഇത് വിജയിച്ചു. 'ജനകീയാസൂത്രണ പരിപാടി' എന്നത് വലിയ ഒരു കാംപെയ്നായി മാറുകയുണ്ടായി. ജനാധിപത്യ വികേന്ദ്രീകരണത്തെ ശരിയായ ദിശയിലൂടെ തിരിച്ചുവിടാൻ ഈ കാംപെയ്ൻ വഴിതെളിച്ചു. എന്നാൽ പ്രാദേശിക ഭരണത്തിന്റെ ചട്ടക്കൂട് വികസിപ്പിച്ചെടുക്കാൻ പ്രാദേശിക ഭരണം ഒരു വിശാലഭൂമികയിൽ അപഗ്രഥനാത്മകമായി അംഗീകരിക്കപ്പെടേണ്ടതുണ്ട്. ജനേച്ഛയ്ക്ക് അനുസൃതമായതും ജനകേന്ദ്രീകൃതവുമായ സേവന ലഭ്യത ഉറപ്പാവുക, ഉത്തരവാദിത്ത പൂർണ്ണമായതും ശരിയായ കാര്യം ശരിയായ രീതിയിൽ ചെയ്യുന്നതും ഏറ്റവും മികച്ചത് ലക്ഷ്യമിടുന്ന Responsive, Responsible and Accountable എന്നിവ പ്രാദേശിക ഭരണത്തിന്റെ സത്തയായിരിക്കണം. ജനേല്ലയ്ക്ക് അനുസൃതമായ സേവന ലഭ്യത, ഏറ്റവും മികച്ചതിലേക്ക് ലക്ഷ്യമിടുന്നതും ശരിയായും ഉള്ള നിർവഹണം, അവകാശാധിഷ്ഠിതമായ ഉത്തരവാദിത്തം എന്നിവയുടെ സാക്ഷാത്കാരം ഇവയിലൂടെയാണ് സാധ്യമാവുക. തദ്ദേശഭരണത്തിന്റെ പരമ്പരാഗതമായ രീതിക്ക് ഈ സമീപനത്തിലൂടെയാണ് മാറ്റം കൈവരുന്നത്.

പൊതുസമൂഹത്തെ പരിഗണിക്കാതെ ജനാധിപത്യത്തെയോ പ്രാദേശികഭരണത്തെയോപറ്റി ചർച്ച ചെയ്യാൻ കഴിയുകയില്ല. 'വികസനം' എന്നത് ഇനി കേവലം ഗവൺമെന്റിന്റെ മാത്രം ചുമതലയല്ല. അത് സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും കൂട്ടുത്തരവാദിത്തമാണ്. ഈ പ്രക്രിയയിൽ വികസനത്തിന്റെ 'ഫസിലിറ്റേറ്റർ' എന്ന റോളാണ് ഗവൺമെന്റിനുണ്ടാവുക. വികസന സൃഷ്ടാക്കൾ അതിന്റെ യഥാർത്ഥ ഗുണഭോക്താക്കളായ പൗരന്മാർതന്നെയാകുന്നു. ഇവിടെയാണ് പൊതുസമൂഹത്തിന്റെ പ്രാധാന്യവും പ്രസക്തിയും. ഉത്തരവാദിത്തമുള്ളതും ജാഗ്രതയുള്ളതുമായ ഒരു പൊതുസമൂഹം ജനാധിപത്യശാക്തീകരണത്തിനും അധികാരവികേന്ദ്രീകരണത്തിനും പങ്കാളിത്ത വികസനത്തിനും അനിവാര്യമാണ്. പങ്കാളിത്തഭരണവും ജനാധിപത്യവും ശക്തിപ്പെടുത്തുക, ഗവൺമെന്റിന്റെ മുൻഗണനാപദ്ധതികൾ നടപ്പിലാക്കുക, സാമ്പത്തിക വികസനം ജനതയ്ക്ക് മുഴുവൻ ലഭ്യമാക്കുക, ജനവിരുദ്ധ നയങ്ങൾക്കെതിരായ പ്രതിഷേധം ഉയർത്തുക, സന്നദ്ധ പ്രസ്ഥാനങ്ങൾക്ക് പ്രാമുഖ്യം നൽകുക, പാർശ്വവൽക്കൃതരെ മുൻനിരയിലെത്തിക്കുക, ക്രിയാത്മക സംവാദങ്ങൾക്ക് വേദിയൊരുക്കുക എന്നീ inclusive മുന്നേറ്റങ്ങളിൽ പൊതുസമൂഹം സൃഷ്ടിപരമായ പങ്ക് നിർവഹിക്കണം. ജനകീയാസൂത്രണവും കുടുംബശ്രീയും വ്യത്യസ്തരീതിയിലുള്ള സാമൂഹികമുന്നേറ്റങ്ങളും മതിയായ പ്രാതിനിധ്യത്തിനായുള്ള ആവശ്യവും കൊണ്ട് പൊതുസമൂഹത്തിന്റെ സജീവ ശ്രദ്ധയും പങ്കാളിത്തവും കൊണ്ട് ശ്രദ്ധേയമായി.

2015 നവംബറിലെ തദ്ദേശഭരണ തെരഞ്ഞെടുപ്പ് നമ്മുടെ ജനാധിപത്യ ശാക്തീകരണം അരക്കിട്ടുറപ്പിക്കപ്പെട്ടു എന്നതിന് തെളിവാണ്. വമ്പിച്ച സ്ത്രീ മുന്നേറ്റം ദൃശ്യമായി പാർശ്വവൽകൃതർ മുഖ്യധാരയിൽ എത്തി. അവകാശാധിഷ്ഠിത വികസനം എന്നതാണ് നമ്മുടെ ഇനിയത്തെ വിശാലമായ ലക്ഷ്യം. ജനങ്ങൾ ഏറെ പ്രതീക്ഷ അർപ്പിച്ചിരിക്കുന്ന പുതിയ ഭരണസമിതികൾ എല്ലാവിഭാഗം ജനങ്ങളെയും ഉൾക്കൊണ്ട് പൊതുസമൂഹത്തെ ജാഗ്രത്തായി നിലനിർത്തി ഇന്ത്യക്കും ലോകത്തിനും മാതൃകയായി നമ്മുടെ ഉദാത്തമൂല്യങ്ങൾ കാത്ത് സൂക്ഷിച്ചുകൊണ്ട് അവകാശാധിഷ്ഠിത വികസനം യാഥാർത്ഥ്യമാക്കാൻ യത്നിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ആശംസകൾ! ◆





തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജനപ്രതിനിധികൾക്കായുള്ള പരിശീലന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ മാസം ഒന്നാം തീയതി തിരുവനന്തപുരത്ത് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ.മുനീർ നിർവ്വഹിച്ചു. പഞ്ചായത്ത് ഡയറക്ടർ സി.എ. ലത ഐഎഎസ് സ്വാഗതം ആശംസിച്ചു. ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി വി.എസ്.ശിവകുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രതിപക്ഷ ഉപനേതാവിന് വേണ്ടി ഇ.പി.ജയരാജൻ എം.എൽ.എ ചടങ്ങിൽ പങ്കെടുത്തു.

# ജനപ്രതിനിധികൾക്കായുള്ള പരിശീലന പരിപാടികൾക്ക് തുടക്കമായി







പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ പഞ്ചായത്ത് വകുപ്പ് മന്ത്രി ചടങ്ങിൽ അഭിനന്ദിച്ചു. വാർഷിക പദ്ധതി കാര്യക്ഷമമായി നടത്തുക എന്നതാണ് പുതിയ ജനപ്രതിനിധികൾ ഏറ്റെടുക്കേണ്ട ഏറ്റവും പ്രധാന വെല്ലുവിളി എന്ന് അദ്ദേഹം അറിയിച്ചു. പദ്ധതി ഭേദഗതി പൂർണ്ണമായും സാധ്യമല്ലന്നും അതിനാൽ തന്നെ ഫണ്ട് ലാപ്സ് ആകാതെ പദ്ധതി നടപ്പിലാക്കണം എന്നും ചടങ്ങിൽ മന്ത്രി ആവശ്യപ്പെട്ടു.

മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസകരിക്കുക, കാർഷിക മേഖല, ശക്തിപ്പെടുത്തുക, ഭിന്നശേഷിയുള്ളവരുടേയും, പാർശ്വവത്കരിക്കപ്പെട്ടവരുടേയും സംരക്ഷണം, ഗ്രാമസഭ, അയൽസഭ എന്നിവയുടെ ശാക്തീകരണം തുടങ്ങിയവ പുതിയ ജനപ്രതിനിധികൾ ശ്രദ്ധ ചെലുത്തേണ്ട മേഖലകളാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജിലേക്ക് നമ്മൾ എത്തിയിരിക്കുന്നു എന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച് കൊണ്ട് ആരോഗ്യ ദേവസ്വം മന്ത്രി വി.എസ്. ശിവകുമാർ അറിയിച്ചു. ഗ്രാമപഞ്ചായത്തുകൾ ഇനിയും നൂതന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം എന്നും അദ്ദേഹം ചടങ്ങിൽ പറഞ്ഞു. പഞ്ചായത്ത് വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് 350 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് എന്ന് അദേഹം അറിയിച്ചു.








എല്ലാ അർത്ഥത്തിലും സ്വയം പര്യാപ്ത നേടുക എന്നതാണ് അധികാര വികേന്ദ്രീകരണം കൊണ്ട് ലക്ഷ്യമിടുന്നത് എന്ന് ഇ.പി.ജയരാജൻ എം.എൽ.എ ചടങ്ങിൽ പറഞ്ഞു. മാലിന്യ നിർമ്മർജ്ജനം, വിദ്യാഭ്യാസം, കാർഷിക മേഖല എന്നിവയാണ് പുതിയ ജനപ്രതിനിധികൾ കൂടുതൽ ശ്രദ്ധിക്കേണ്ട മേഖലകൾ എന്നും അദ്ദേഹം ചടങ്ങിൽ അറിയിച്ചു.

പരിശീലന പരിപാടിയുടെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് 'പ്രദേശിക ഭരണം കൂടതുൽ പ്രതീക്ഷകളും, പുതിയ സാധ്യതകളും' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ശില്പശാലയിൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗം സി.പി. ജോൺ മുഖ്യവിഷയം അവതിരിപ്പിച്ചു. ചടങ്ങിനോട് അനുബന്ധിച്ച് ജനപ്രതിനിധികൾക്കായി കില തയ്യാറാക്കിയ കൈപുസ്തകപ്രകാശനവും നടന്നു. ചടങ്ങിന് കില ഡയറക്ടർ പി.പി.ബാലൻ നന്ദി രേഖപ്പെടുത്തി.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായി വിപുലവമായ പരിശീലന പരിപാടികളാണ് കേരള ഇൻസ്റ്റിറ്റൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ഒരുക്കിയിരിക്കുന്നത്. ജനപ്രിതിനിധികൾക്ക് എളുപ്പത്തിൽ മനസ്സിലാകും വിധം പഞ്ചായത്ത് ഭരണ സംവിധാനത്തിന്റെ വിവിധ വശങ്ങൾ ഉൾപ്പെടുത്തി കൈപ്പുസ്തകങ്ങൾ തയ്യാറാക്കി അതിനെ അടിസ്ഥാനപ്പെടുത്തിയാണ് പരിശീലനങ്ങൾ നടത്തുന്നത്.

ഡിസംബർ 4,5,6 തീയതികളിൽ കേരളത്തിലെ മുഴുവൻ ജില്ലകളിലേയും പ്രസിഡന്റുമാർക്കുള്ള പരിശീലന പരിപാടി തൃശ്ശൂർ കിലയിൽ വച്ച് നടന്നു. പരിശീലന പരിപാടിയിൽ എസ്.എം. വിജയാനന്ദ് ഐ.എ.സ് ക്ലാസ്സുകൾ എടുത്തു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ, കോഴ്സ് ഡയറക്ടർ ഡോ. ജെ.ബി. രാജൻ, സ്റ്റേറ്റ് ലെവൽ കോഴ്സ് കോർഡിനേറ്റർ പ്രതാപ് സിംഗ് എന്നിവർ പങ്കെടുത്തു.

**പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായി വിപുലമായ പരിശീലന പരിപാടികളാണ് കേരള ഇൻസ്റ്റിറ്റൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ഒരുക്കിയിരിക്കുന്നത്. ജനപ്രിതിനിധികൾക്ക് എളുപ്പത്തിൽ മനസ്സിലാകും വിധം പഞ്ചായത്ത് ഭരണ സംവിധാനത്തിന്റെ വിവിധവശങ്ങൾ ഉൾപ്പെടുത്തി കൈപ്പുസ്തകങ്ങൾ തയ്യാറാക്കി അതിനെ അടിസ്ഥാനപ്പെടുത്തിയാണ് പരിശീലനങ്ങൾ നടത്തുന്നത്.**

**ആമുഖം**

അധികാര വികേന്ദ്രീകരണത്തിന്റെ ആത്യന്തിക ലക്ഷ്യം പഞ്ചായത്തുകളെ പ്രാദേശിക ഭരണകൂടങ്ങളായും ജനകീയ സ്ഥാപനങ്ങളായും മാറ്റുക എന്നതാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി കൈവരിച്ച അധികാരങ്ങളും വിഭവശേഷിയും സാമൂഹ്യ നീതിയിലധിഷ്ഠിതമായി ജനങ്ങളുടെ വികസനത്തിനും പുരോഗതിക്കും വേണ്ടി വിനിയോഗിക്കുമ്പോഴാണ് പ്രാദേശിക ഭരണകൂടത്തിന് കൂടുതൽ ജനവിശ്വാസവും അംഗീകാരവും നേടാൻ സാധിക്കുക. 73,74 ഭരണഘടനാ ഭേദഗതി നിയമങ്ങൾക്കനുസൃതമായി കേരളത്തിൽ പുതിയ പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾ 1994 ൽ ഗ്രാമഭരണത്തിന് ത്രിതല പഞ്ചായത്ത് രാജ് സംവിധാനവും ജില്ലാ–ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ നഗര ഭരണത്തിന് മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും നിലവിൽ വന്നു. ഈ നിയമത്തിന്റേയും പിന്നീട് വന്ന ചട്ടങ്ങളുടേയും പിൻബലത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വയം ഭരണാധികാരങ്ങളുള്ള സർക്കാരുകളായി മാറുകയും ഗ്രാമസഭ, പൗരാവകാശരേഖ, അറിയുവാനുള്ള അവകാശം, ഓംബുഡ്സ്മാൻ, ട്രിബ്യൂണൽ, ധനകാര്യകമ്മീഷൻ, തെരഞ്ഞെടുപ്പ് കമ്മീഷൻ, സേവനാവകാശ നിയമം തുടങ്ങി പ്രാദേശിക ഭരണ സംവിധാനത്തെ ചിട്ടപ്പെടുത്താനും കാര്യക്ഷമമാക്കാനും സഹായിക്കാനുമായി നിരവധി സംവിധാനങ്ങളും പ്രാവർത്തികമായി.

പ്രാദേശിക ഭരണ സംവിധാനം രൂപീകരിക്കപ്പെട്ടതുതന്നെ ജനതയുടെ ആവശ്യങ്ങൾ, പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് നിറവേറ്റപ്പെടാനാണ്. പരമ്പരാഗതവും കൈമാറി ലഭിച്ചതുമായ വിവിധ സേവനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു. ഇതിനെ കൃത്യമായി നിർണ്ണയിച്ചും നിർവ്വഹിച്ചും ജനതയുടെ ആവശ്യങ്ങൾക്കനുസൃതമായി രൂപപ്പെടുത്തുന്നതിന് കൃത്യവും ശാസ്ത്രീയവുമായ ചട്ടക്കൂടുകൾ രൂപപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത് രാജിലൂടെ 'സ്വരാജും' (സ്വയം ഭരണം – Self Governance) സുരാജും (സദ്ഭരണം– Self Governance) ആണ് രാഷ്ട്ര പിതാവായ ഗാന്ധിജി വിഭാവന ചെയ്തിരുന്നത്. ഭരണ നിർവ്വഹണം അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളായ പങ്കാളിത്തം, നിയമവാഴ്ച, സുതാര്യത, പ്രതികരണത്മകത, സമവായം, തുല്യത, കാര്യക്ഷമത, പ്രതിബദ്ധത (സെൻകമ്മറ്റി നിർദ്ദേശങ്ങൾ) എന്നിവ ഉയർത്തി പിടിച്ചുകൊണ്ട് നടപ്പിലാക്കുകയും ഒപ്പം സത്ഭരണ തത്വങ്ങൾ യഥാർത്ഥ്യമാക്കുകയും ചെയ്താൽ മാത്രമെ

# പ്രാദേശിക ഭരണം: സദ്ഭരണ സംവിധാനങ്ങൾ

ഡോ. വിനോദ് എസ്.



'സുരാജ്' തദ്ദേശ സ്ഥാപനങ്ങളിൽ വ്യവസ്ഥാപിതമാക്കാൻ നമുക്ക് കഴിയൂ. അങ്ങനെ പൊതുഭരണത്തിൽ സുതാര്യതയും പ്രതിബദ്ധതയും ഉയർത്തി കൊണ്ടുവരാൻ നമുക്ക് കഴിയണം.

ഒരു ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങളാണല്ലോ യഥാർത്ഥ അധികാരികൾ. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമെല്ലാം അവർക്കുവേണ്ടി സേവനം ചെയ്യുന്നവർ മാത്രമാണ്. അതിന് ജനസൗഹൃദ കാഴ്ചപ്പാട്, ജനാധിപത്യ മനോഭാവം, ഉത്തരവാദിത്തബോധവും കൃത്യനിഷ്ഠവും, സുതാര്യമായ പ്രവർത്തനരീതി, നിയമ വ്യവസ്ഥയോടുള്ള ബഹുമാനം, കുറ്റകൃത്യങ്ങൾ, അനീതി, അഴിമതി എന്നിവ ഇല്ലാതാക്കൽ എന്നീ മൂല്യങ്ങൾ ഉൾക്കൊള്ളുന്നവരും അവയോട് പ്രതിബന്ധതയുള്ളവരുമാകണം ഭരണ കർത്താക്കൾ.

സദ്ഭരണം ഉറപ്പുവരുത്താൻ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും മാത്രമല്ല ജനങ്ങളുടെ നിതാന്ത ജാഗ്രതയും കാര്യക്ഷമമായ ഇടപ്പെടലും ആവശ്യമാണ്. തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നും അഴിമതി സ്വജ്ജനപക്ഷപാതം, നിയമലംഘനം, ചുമതലകൾ നിറവേറ്റാതിരിക്കൽ എന്നിവ പൂർണമായും ഇല്ലാതാക്കുന്നതിന് വേണ്ടി ചില സദ്ഭരണ സംവിധാനങ്ങൾ വ്യവസ്ഥാപിതമാക്കിയിട്ടുണ്ട്. അങ്ങനെ നിലവിൽ വന്ന സദ്ഭരണ സംവിധാനങ്ങളെ ജനകീയം, ഔദ്യോഗികം, നിയമപരം എന്ന് മൂന്നായി ഭാഗങ്ങളായി ഇവിടെ അവതരിപ്പിക്കുകയാണ്.

## 1. ജനകീയ സംവിധാനങ്ങൾ

കേരള പഞ്ചായത്ത് രാജ് സംവിധാനത്തിൽ ജനകീയ സംവിധാനങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നു. അധികാര വികേന്ദ്രീകരണം അർത്ഥപൂർണമാകുന്നത് ഇത്തരം ജനകീയ വേദികളുടെ സാക്ഷാൽക്കാരത്തിലൂടെയാണ്. പൗര സമൂഹത്തിന് നേരിട്ട് ഭരണ പ്രക്രിയയിൽ ഇടപെട്ട്ക്കൊണ്ട് പ്രവർത്തിക്കുവാനും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുവാനും ജനകീയ വേദികളിലൂടെ കഴിയും. പ്രാദേശിക ഭരണ പ്രവർത്തനങ്ങളിൽ നിലവിലുള്ള പ്രധാന ജനകീയ സംവിധാനങ്ങളെ ചുവടെ ചേർക്കുന്നു.

### ഗ്രാമസഭ:

ഭരണഘടന അംഗീകരിച്ചിട്ടുള്ള ജനങ്ങളുടെ വേദിയാണ് ഗ്രാമസഭ/വാർഡ്സഭ. കേരള പഞ്ചായത്ത് രാജ് നിയമം ഗ്രാമസഭകൾക്കും മുൻസിപ്പാലിറ്റി നിയമം വാർഡ് സഭകൾക്കും വിപുലമായ അധികാരവകാശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3, 3എ, 3ബി എന്നിവ യഥാക്രമം ഗ്രാമസഭയുടെ ഘടന അധീകാരങ്ങൾ, ഉത്തരവാദിത്വങ്ങൾ എന്നിവ വിശദമാക്കുന്നു. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 42 എ വാർഡ് സഭയെ സംബന്ധിച്ചും വകുപ്പ് 43 വാർഡ് കമ്മറ്റിയെ സംബന്ധിച്ചും വിശദീകരിക്കുന്നു.

പഞ്ചായത്തിലെ ഒരു വാർഡിലെ വോട്ടർ ആ വാർഡിലെ ഗ്രാമസഭാ മെമ്പറാണ്. കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും നിശ്ചയിക്കുന്ന സ്ഥലത്ത് ഗ്രാമസഭ/വാർഡ് സഭ യോഗം ചേരണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. ഇതിന്റെ ഉത്തരവാദിത്തം കൺവീനർ കൂടിയായ വാർഡ് മെമ്പറിൽ/കൗൺസിലിൽ നിക്ഷിപ്തമാണ്. ഗ്രാമസഭയുടെ ക്വാറം ആകെ വോട്ടർമാരുടെ 10 ശതമാനം ആണ്. എന്നാൽ ക്വാറം തികയാതെ മാറ്റിവച്ച് വീണ്ടും ചേരുമ്പോൾ അപ്രകാരമുള്ള യോഗത്തിന്റെ കോറം 50 പേരാണ്. ഇവിടെ നമ്മൾ ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്. എന്തുകൊണ്ടാണ് ജനകീയ വേദികളായ ഗ്രാമസഭകളിൽ ജന പങ്കാളിത്തം കുറയുന്നത്. ജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങളെ കുറിച്ച് സംസാരിക്കുവാനും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാനുമായി ഭരണ സംവിധാനത്തെ പൂർണ്ണമായും മാറ്റേണ്ടതുണ്ട്. നിയമത്തിൽ അതു പറയുന്നുണ്ടെങ്കിലും പ്രായോഗിക തലത്തിൽ അവ പൂർണ്ണമായും നടപ്പിലാക്കപ്പെടുന്നില്ല. അതുകൊണ്ട് തന്നെ ജനങ്ങൾ ഇത്തരം സംവിധാനങ്ങളിൽ നിന്നും അകന്ന് നൽക്കുന്നത് ഇവിടെ പൊതുജനത്തിന് ഗ്രാമസഭയുടെ അധികാരങ്ങളും അവകാശങ്ങളും മനസിലാക്കി കൊടുക്കുകയും അതോടൊപ്പം ഗ്രാമസഭയിലേക്ക് കടന്ന് വരുന്ന ഓരോ വ്യക്തിക്കും അവന്റെ കടമകൾ, അവകാശങ്ങൾ, അധികാരങ്ങൾ എന്നിവ പറഞ്ഞ് ധരിപ്പിച്ച് ഉത്തമ വിശ്വാസത്തിലെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ചാലകശക്തിയായി പ്രവർത്തിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മാറേണ്ടതുണ്ട്.

ഗ്രാമസഭാ യോഗങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും ചിട്ടയായും നടത്തുന്നതിന് ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വാർഡ് തലത്തിൽ ഓരോ തവണയും സംഘാടക സമിതി രൂപീകരിച്ച് പ്രചാരണ- സംഘാടന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. എല്ലാവരിലും അറിയിപ്പ് നോട്ടീസ് എത്തിച്ചു എന്ന് ഉറപ്പ് വരുത്തണം. നോട്ടീ



സിൽ ഇനം തിരിച്ചുള്ള അജണ്ട കാണിച്ചിരിക്കണം. സാധ്യമാകുന്ന എല്ലാ രീതിയിലും പ്രചരണ പരിപാടികൾ നടപ്പിലാക്കണം. ജനങ്ങളുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ എല്ലാം തന്നെ ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കികൊണ്ട് പൊതു അഭിപ്രായ സമന്വയത്തിലൂടെ തീരുമാനം കൈക്കൊള്ളുവാൻ മുന്നിട്ടിറങ്ങണം. ഗ്രാമസഭയിൽ ചോദ്യങ്ങൾ, നിർദ്ദേശങ്ങൾ, പ്രമേയങ്ങൾ എന്നിവയ്ക്ക് അംഗങ്ങൾക്ക് അവസരം നൽകണം. ഗ്രാമസഭയ്ക്ക് പ്രദേശത്ത് നടപ്പിലാക്കുന്ന വികസന-സേവന-ക്ഷേമ പരിപാടികൾ പരിശോധിക്കുവാനും വിലയിരുത്തുവാനും കാര്യക്ഷമത ഉറപ്പു വരുത്തുവാനും അവകാശമുണ്ട്. ആയതിലേക്കും ജനകീയകൂട്ടായ്മകൾക്ക് രൂപം കൊടുത്തുകൊണ്ട് അവ യാഥാർത്ഥമാക്കാൻ വേണ്ടി പ്രവർത്തിക്കണം.

### സോഷ്യൽ ഓഡിറ്റ്

പ്രാദേകിക ഭരണം സദ്ഭരണം എന്ന തലത്തിലേക്ക് എത്തിക്കുക എന്ന പ്രധാന ദൗത്യമാണ് മേൽ പറഞ്ഞ ജനകീയ സമിതികളുടെ പ്രധാന ലക്ഷ്യം. തദ്ദേസ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടേയും ആസൂത്രണ നിർവ്വഹണ മേൽ നോട്ട കാര്യങ്ങളിലും കണക്കുകളുടെ പരിശോധനയിലുമെല്ലാം ജനങ്ങളുടെ ശക്തമായ ഇടപ്പെടൽ അനിവാര്യമാണ്. ഒരു പൊതു സ്ഥാപനത്തിന്റെ പ്രവർത്തനത്തിലൂടെ അല്ലെങ്കിൽ ഒരു ഗവൻമെന്റ് പദ്ധതിയുടെ നടത്തിപ്പിലൂടെ അതിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ എത്രത്തോളം സാധിച്ചു, അതിലൂടെയുണ്ടായ സാമൂഹ്യനേട്ടം, പ്രസ്തുത സ്ഥാപന ത്തിന്റേയും പദ്ധതിയുടേയും സാമൂഹ്യ പ്രസക്തി എന്നിവയെ പറ്റി സമൂഹവും, സേവനത്തിന്റെ അവകാശികളും നേരിട്ട് നടത്തുന്ന ജനകീയ അന്വേഷണവും, കണക്കെടുപ്പും പരിശോധനയും വിലയിരുത്തുന്നതാണ സോഷ്യൽ ആഡിറ്റ് . ഗ്രാമസഭയിലൂടെയാണ് സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടത്. പരിശോധനകളും വിലയിരുത്തലുകളും പൂർത്തീകരിച്ച് കഴിഞ്ഞാൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ പ്രത്യേകം വിളിച്ച് ചേർത്ത് ബന്ധപ്പെട്ട റിപ്പോർട്ടുകളും അനുബന്ധരേഖകളും പൊതു ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കേണ്ടതാണ്. ചൂണ്ടികാണിക്കുന്ന തെറ്റുകൾ, കുറവുകൾ, നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ച് യഥാസമയം അവ പരിഹരിച്ച് ഭരണ സംവിധാനത്തിൽ തിരത്തലുകൾ വേണ്ടയിടത്തു ഇടപ്പെട്ടുകൊണ്ട് പൊതുഭരണം കാര്യക്ഷമമാക്കണം.

### ജാഗ്രതാ സമിതികൾ

കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നീ വിഷയങ്ങളിൽ ഇടപ്പെട്ട് അവ പരിഹരിക്കാനും സമാനമായ പ്രശ്നങ്ങൾ ഉണ്ടാകത്ത തരത്തിലുള്ള സാമൂഹ്യസൃഷ്ടിക്കു വേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ പ്രവർത്തിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാസമിതികൾ.

സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുളള പരാതികൾ സ്വീകരിക്കുക, അവ പരിഹരിക്കുക. പ്രശ്നങ്ങൾ സ്വയം ഏറ്റെടുത്ത് /കണ്ടെത്തി പരിഹരിക്കാനായി ഇടപെടുക. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക. സ്ത്രീകളുടേയും പെൺകുട്ടികളുടേയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക. സ്ത്രീപക്ഷ സമീപനത്തോടെ പ്രശ്നങ്ങളെ സമീപിക്കുക. ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക. എന്നിവയാണ് പ്രധാന ഉത്തരവാദിത്വങ്ങൾ.

### പഞ്ചായത്ത്തല ജാഗ്രതാസമിതി:

പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും, ഐ സി എസ് സൂപ്പർവൈസർ കൺവീനറും വനിതാ മെമ്പർ, വനിതാ അഭിഭാഷക, സി ഡി എസ് ചെയർപേഴ്സൺ, സ്ഥലത്തെ സബ്



ഇൻസ്പെക്ടർ, എസ് സി, എസ് ടി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ പ്രവർത്തക, ഇതേ വിഭാഗത്തിലെ വനിതാ മെമ്പർ, കൗൺസിലർ, ഡോക്ടർ തുടങ്ങിയവരാണ് പഞ്ചായത്ത് തല ജാഗ്രതാ സമിതിയിൽ ഉൾപ്പെടുന്നത്.

**വാർഡ്തല ജാഗ്രതാ സമിതികൾ:**

പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കി തീർക്കുന്നതിനാണ് ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുതല ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത്. പഞ്ചായത്ത് ജാഗ്രതാ സമിതി എടുക്കുന്ന തീരുമാനങ്ങൾ, ബോധന പരിപാടികൾ, ക്യാമ്പെയ്നുകൾ എന്നിവ ഫലപ്രദമായി നടപ്പാക്കുക എന്നത് ഈ സമിതിയുടെ ലക്ഷ്യങ്ങളാണ്. കൂടാതെ താഴെ തലത്തിലുള്ള ജനങ്ങൾക്ക് ജാഗ്രതാ സമിതിയുടേയും വനിതാ കമ്മീഷന്റേയും സേവനം ലഭിക്കുന്ന തരത്തിൽ പ്രവർത്തിക്കുക എന്നതും ഇതിന്റെ പരമപ്രധാന ലക്ഷ്യമാണ്.

വികേന്ദ്രീകൃതമായുള്ള ഇത്തരം സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക വഴി നീതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കിക്കൊണ്ട് പ്രശ്നപരിഹാരം സാധ്യമാക്കുക, സാമൂഹ്യനീതി ഉറപ്പു വരുത്തുക എന്ന കർത്തവ്യം നടപ്പാക്കുന്നതിൽ പ്രാദേശിക സർക്കാരുകളേയും ജാഗ്രതാസമിതികൾ സഹായിക്കുന്നു.

## 2. ഔദ്യോഗിക സംവിധാനങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും അധികാരങ്ങളും വർദ്ധിക്കേണ്ടതോടെ കാര്യക്ഷമമായ പരാതി പരിഹാര സംവിധാനവും അനിവാര്യമായി മാറി. പരാതികളുണ്ടായാൽ അത് നീതിപൂർവ്വമായും കാലതാമസം കൂടാതെയും പരിഹരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ പരാതികളുണ്ടായാൽ അവ പരിശോധിക്കുന്നതിനും ഉചിതമായ നടപടിസ്വീകരിക്കുന്നതിനും വേണ്ടി ഒട്ടനവധി ഔദ്യോഗിക സംവിധാനങ്ങൾ തദ്ദേശ ഭരണ വ്യവസ്ഥയിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

**പൗരാവകാശരേഖ:**

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 272 എ അനുസരിച്ച് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതുപ്രകാരം അവർക്ക് അർഹമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയ പരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന പത്രികയാണ് പൗരാവകാശരേഖ. ഒരു ഭരണ സമിതി അധികാരത്തിൽ എത്തി ചുരുങ്ങിയത് ആറ് മാസത്തിനകം നിലവിലെ പൗരവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. പഞ്ചായത്ത് തയ്യാറാക്കിയതും പ്രസിദ്ധീകരിച്ചതുമായ ഒരു പൗരവകാശരേഖയ്ക്ക് പുതുക്കലിനു വിധേയമാക്കി പ്രസ്തുത പഞ്ചായത്തിന്റെ കാലാവധി അവസാനിക്കുന്നതുവരെയും അതിനുശേഷം പുതിയ ഭരണ സമിതി അധികാരത്തിലെത്തി ഒരു പൗരവകാശരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതുവരെയും പ്രാബല്യമുണ്ടായിരിക്കും.

പൊതുഭരണം സദ്ഭരണം ആകണമെങ്കിൽ ഭരണ നിർവ്വഹണം ജനകേന്ദ്രീകൃതമായിരിക്കണം. അതിന് ജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും അവർ പ്രതീക്ഷിക്കുന്നതും അവരിൽ നിന്നു തന്നെ അറിയാൻ കഴിയണം. അതിന് നമുക്ക് എന്തു ചെയ്യാം? അയൽക്കൂട്ടം, ഗ്രാമസഭ, ഊരുകൂട്ടങ്ങൾ എന്നീ പൊതുവേദികൾ നമുക്ക് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താൻ കഴിയണം. പൗരൻമാർക്കുവേണ്ട ചോദ്യാവലികൾ കൂടി ആലോചിച്ച് തയ്യാറാക്കുകയും വിവരശേഖരണം നടത്തുകയും വേണം. വിവരശേഖരണത്തിന് ഗ്രാമസഭകളെ പ്രയോജനപ്പെടുത്താം. അല്ലെങ്കിൽ പഞ്ചായത്തിൽ സേവനം തേടി വരുന്ന പൗരനോട് നേരിട്ട് ചോദിച്ച് അഭിപ്രായം രേഖപ്പെടുത്തണം. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി അത് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും കൂടിയിരുന്ന് ചർച്ച ചെയ്ത് സേവന വ്യവസ്ഥകൾ, ഈടാക്കേണ്ട ഫീസ്, സേവനം നൽകുന്ന സമയപരിധി എന്നിവ കൂട്ടായ്മയിലൂടെ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. അങ്ങനെ തയ്യാറാക്കുന്ന പൗരാവകാശരേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും അത് അച്ചടിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്. അതുകൂടാതെ ഒരു സർവ്വേ സംഘടിപ്പിച്ച് പൊതുജന അഭിപ്രായം രേഖപ്പെടുത്താം. അതിനു നമ്മൾ ഓരോരുത്തരും മുന്നിട്ടിറങ്ങേണ്ടതുമാണ്.

**പൗരവകാശരേഖ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

- പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിനുശേഷം, കഴിയുന്നതും നേരത്തെ എന്നാൽ ആദ്യമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന് ഇതുമായി ബന്ധപ്പെട്ട വകുപ്പുകൾ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.
- തീരുമാനങ്ങളെടുക്കുന്നതിനുമുൻപ് സെക്രട്ടറിയുടേയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെയും അഭിപ്രായം തേടേണ്ടതും ഉദ്യോഗസ്ഥരുടെ ലഭ്യത, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കേണ്ടതാണ്.
- ഒരു സേവനം ലഭ്യമാക്കുന്നതിന് തീരുമാനിക്കുന്നതോടൊപ്പം ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അതിന്റെ നടപടി ക്രമവും, ഗുണനിലവാരവും ഈടാക്കേണ്ട ഫീസും പഞ്ചായത്ത് നിശ്ചയിക്കേണ്ടതാണ്.
- സമയബന്ധിതമായി ലഭ്യമാക്കുന്ന സേവനങ്ങളിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.
- ഏതെങ്കിലും ഒരു സേവനം ലഭ്യ

മാക്കുന്നതിന് ആക്ടിലോ മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും ചട്ടങ്ങളിലോ ഒരു സമയപരിധി നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പഞ്ചായത്ത് നിശ്ചയിക്കുന്ന സമയപരിധി അതിലപ്പുറമാകുവാൻ പാടുള്ളതല്ല.

- സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് തീരുമാനിക്കുന്ന സേവനങ്ങളുടെ വിവരം നിശ്ചിത ഫാറത്തിൽ 'പൗരാവകാശരേഖ' എന്ന പേരിൽ തയ്യാറാക്കേണ്ടതും പ്രസിദ്ധീകരിക്കേണ്ടതുമാണ്.

**പഞ്ചായത്ത് കമ്മറ്റി:**

പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ വികസന-ക്ഷേമ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പഞ്ചായത്തിന് നൽകാവുന്നതാണ്. പരാതികൾ പഞ്ചായത്ത് കമ്മിറ്റിയിൽ പരിഗണിക്കുകയും സമയബന്ധിതമായി ഉചിതമായ നടപടികൾ സ്വീകരിച്ച് പരിഹാരം കാണേണ്ടതുമാണ്.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി:**

ഗ്രാമപഞ്ചായത്തുകളിൽ നികുതി നിർണ്ണയം സംബന്ധിച്ചുണ്ടാകുന്ന പരാതികൾ/അപ്പീലുകൾ നൽകാനുള്ള അധികാര സ്ഥാപനമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി. അങ്ങനെ ലഭിക്കുന്ന പരാതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് പരാതികാരന് നികുതി നിർണ്ണയത്തിൽ ലഭ്യമാക്കേണ്ട നീതി ഉറപ്പു വരുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ, 8-ാം ചട്ടം 1-ാം ഉപ ചട്ടപ്രകാരമുള്ള ബില്ല് കൈപ്പറ്റി 30 ദിവസത്തിനകം അങ്ങനെയുള്ള അപ്പീൽ രേഖാമൂലമായി ബോധിപ്പിക്കേണ്ടതും അതു സംബന്ധിച്ചുള്ള അപേക്ഷ കാരണങ്ങൾ ചുരുക്കിയും പ്രത്യേക ഇനങ്ങളായും കാണിച്ചിരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സ്വമേധയാലോ, അല്ലെങ്കിൽ മറ്റു വിധത്തിലോ, ബന്ധപ്പെട്ട ആൾക്കോ നോട്ടീസ് നൽകിയതിനു ശേഷം ആ ആൾ സമർപ്പിച്ച അപേക്ഷ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിഗണിച്ച്കൊണ്ട് നോട്ടീസ് നൽകി പതിനഞ്ചു ദിവസങ്ങൾക്കകം സെക്രട്ടറിയുടെ ഉത്തരവ് നികുതി കുറച്ചുകൊണ്ടോ, ഇളവുചെയ്തുകൊണ്ടോ, വർദ്ധിപ്പിച്ചുകൊണ്ടോ, ഭേദഗതി വരുത്തുകയോ, റദ്ദാക്കുകയോ ചെയ്യാവുന്നതാണ്. ഇങ്ങനെ 11-ാം ചട്ടപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൈക്കൊണ്ട തീരുമാനത്തിൻ മേൽ പരാതിയുള്ള പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ടിലെ 271 എസ് വകുപ്പ് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥപനങ്ങൾക്കായി രൂപികരിച്ച ട്രൈബ്യൂണൽ മുമ്പാകെ റിവിഷൻ ഹർജി നൽകാവുന്നതാണ്.

## 3. നിയമപരമായ സംവിധാനം

കേരള പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങളിൽ സദ്ഭരണത്തിനായി ചേർത്ത വ്യവസ്ഥകൾ ചുവടെ പറയുന്നു.

**തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ:**

പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 271 എഫ് ,271 ആർ വകുപ്പ് പ്രകാരം നിലവിൽ വന്ന സംവിധാനമാണ് ഓംബുഡ്സ്മാൻ. 1999 ലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ ചട്ടങ്ങളിൽ പൊതുജനങ്ങൾക്കുള്ള പരാതികൾ സമർപ്പിക്കേണ്ട വിധവും വിചാരണ നടപടികളും അധികാരങ്ങളും വിശദമാക്കിയിരിക്കുന്നു. അഴിമതി, കെടുകാര്യസ്ഥത, സേവനങ്ങൾ നൽകുന്നതിനുള്ള വീഴ്ച എന്നിവ സംബന്ധിച്ച പരാതികൾ കേൾക്കാനും പരിഹരിക്കുന്നതിനുമുള്ള സംവിധാനമാണ് ഓംബുഡ്സ്മാൻ. ഗവർണ്ണറാണ് ഓംബുഡ്സ്മാനെ നിയമിക്കുന്നത്. നടപടിക്രമങ്ങൾ മറ്റു കോടതികളിൽ നിന്നും വ്യത്യസ്തമാണ്. പ്രധാന അധികാരങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു.

**അധികാരങ്ങൾ:**

- ആരോപണങ്ങളിന്മേൽ ഉത്തരവുകൾ പാസ്സാക്കുന്നതിന്.
- നിർദ്ദിഷ്ട നടപടികളിൽ നിന്ന് തദ്ദേശ ഭരണ സ്ഥാപനത്തെ തടഞ്ഞുകൊണ്ട് ഇടക്കാല ഉത്തരവ് പാസ്സാക്കുന്നതിന്.
- നഷ്ടപരിഹാരവും പിഴയും ചുമത്തുന്നതിന്.
- സിവിൽ കോടതിയുടെ അധികാരം, അപ്പീൽ ഹൈകോടതയിൽ മാത്രം.
- പോലീസ് ഉദ്യോഗസ്ഥരുൾപ്പെടെ ഏതു സർക്കാർ ഉദ്യോഗസ്ഥന്റേയും സേവനം ആവശ്യപ്പെടാനുള്ള അധികാരം

**ചുമതലകൾ:**

- ജനങ്ങളുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കുക
- ഭരണ രീതി സംശുദ്ധമാക്കുക.
- ഒരു പരാതിയിൽ അടങ്ങിയിട്ടുള്ളതോ, സർക്കാർ പരാമർശിച്ചിട്ടുള്ളതോ, ഓംബുഡ്സ്മാന്റെ അറിവിൽപ്പെട്ടതോ ആയ ആരോപണത്തെ സംബന്ധിച്ച് സൂക്ഷ്മമായ അന്വേഷണം നടത്തുക.



### തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ:

പഞ്ചായത്ത് രാജ് ആക്ടിലെ 271 എസ് വകുപ്പ് പ്രകാരമാണ് ട്രൈബ്യൂണൽ രൂപീകരിച്ചിട്ടുള്ളത്. 1999 ലെ കേരള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ ചട്ടങ്ങൾ. ട്രൈബ്യൂണലിന്റെ പ്രവർത്തന അധികാരങ്ങൾ, പരാതി പരിഹാര രീതി തുടങ്ങിയവ വിശദമാക്കുന്നു. പഞ്ചായത്ത് തീരുമാനങ്ങൾക്കെതിരെ പൊതു ജനങ്ങൾക്ക് അപ്പീൽ/ റിവിഷൻ ഹർജി നൽകുന്നതിനുള്ള ജുഡീഷ്യൽ സംവിധാനമാണ് ട്രൈബ്യൂണൽ. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ന്യായാധിപനാണ് ട്രൈബ്യൂണൽ. പഞ്ചായത്തുകൾ തമ്മിലും പഞ്ചായത്തുകളും സർക്കാരും തമ്മിലുള്ള തർക്കങ്ങൾ പരിശോധിച്ച് സർക്കാരിലേക്ക് അഭിപ്രായങ്ങൾ അറിയിക്കുന്നതിന് ട്രൈബ്യൂണലുകൾക്ക് അധികാരമുണ്ട്. ഹർജിയുടേയും ബന്ധപ്പെട്ട രേഖകളുടേയും സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പും ട്രൈബ്യൂണലിന്റെ പേരിലുള്ള 50 രൂപ ബാങ്ക് ഡ്രാഫ്റ്റും അയയ്ക്കണം. അപ്പീൽ സാധാരണ ഗതിയിൽ 30 ദിവസത്തിനകം സമർപ്പിക്കണം. എന്നാൽ മിതമായ കാരണമുണ്ടെങ്കിൽ 90 ദിവസം വരെയും അപ്പീൽ സ്വീകരിക്കാം. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങളിന്മേലുള്ള റിവിഷൻ/അപ്പീലുകൾ 60 ദിവസത്തിനകം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അപ്പീൽ നൽകി തീർപ്പാക്കിയിട്ടില്ലാത്ത സംഗതികളിൽ 90 ദിവസത്തിനകവും ട്രൈബ്യൂണലിന് റിവിഷൻ/അപ്പീൽ സമർപ്പിക്കാം.

### അധികാരങ്ങൾ:

- ഒരു കേസ് വിചാരണ ചെയ്യുമ്പോൾ 1908 ലെ സിവിൽ നടപടിനിയമപ്രകാരം സിവിൽ കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ.
- ഹർജിക്കാരന്റെ അപേക്ഷയിന്മേൽ നടപടി നിർത്തി വയ്ക്കുന്നതിന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം.
- തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം.

ട്രൈബ്യൂണലിന്റെ മുമ്പാകെയുള്ള ഏതൊരു നടപടിയും ഇന്ത്യൻ ശിക്ഷാനിയമ പ്രകാരമുള്ള ഒരു നീതി ന്യായ നടപടിയായി കരുതണം.

### വിവരാവകാശ നിയമം 2005:

ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിൽ ഭരണ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള പരിശ്രമങ്ങളുടെ ഫലമാണ് വിവരാവകാശ നിയമം 2005. ഒരു ജനാധിപത്യ സംവിധാനത്തിൽ സുതാര്യവും ഉത്തരവാദിത്തപൂർണ്ണവുമായ ഭരണം ഉറപ്പു വരുത്തുന്നതിനുള്ള പ്രധാന ഘടകമാണ് അറിയാനുള്ള പൗരന്റെ അവകാശം. സർക്കാരിന്റെ പ്രവർത്തനങ്ങൾ അറിയുന്നതിനും പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ ചോദ്യം ചെയ്യുന്നതിനും തിരുത്തുന്നതിനും പരമാധികാരികളായ ജനങ്ങൾക്ക് അവകാശവും കടമയുമുണ്ട്. നിയമപരമായി അതിനുള്ള അവകാശം സ്ഥാപിച്ചുകിട്ടുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ട് വർഷങ്ങളായി. വിവര സ്വാതന്ത്ര്യ ബിൽ 2000 ന് രൂപം നല്കികൊണ്ടാണ് വിവരാവകാശത്തിനുള്ള തുടക്കം കുറിച്ചത്. 2005 മെയ് 11 ന് ലോക് സഭ പാസ്സാക്കിയ നിയമത്തിന് 2005 ജൂൺ 15 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. 2005 ഒക്ടോബർ 12 ന് നിയമം പ്രാബല്യത്തിൽ വന്നു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനുമുമ്പുതന്നെ വിവരാവകാശത്തിന് തുടക്കം കുറിച്ചിരുന്നു. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994 ലെ 271–ാം വകുപ്പ് വിവരാവകാശത്തിന് നിർണ്ണായക ചുവടുവയ്പായാണ്. 1999 ലെ 13– ാംനിയമപ്രകാരം കൂട്ടിച്ചേർത്തത്. 1999 മാർച്ച് 24 ന് നിലവിൽ വന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ഭേദഗതി പ്രകാരം (വകുപ്പ് 271) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിജ്ഞാപിത പ്രമാണങ്ങളൊഴികെ ബാക്കിയെല്ലാ പ്രമാണങ്ങളും രേഖകളും പരസ്യ പ്രമാണങ്ങളും രേഖകളുമായി പ്രഖ്യാപിക്കപ്പെട്ടു. (കേരളാ മുനിസിപ്പാലിറ്റി നിയമത്തിൽ വകുപ്പ് 571) . ഉത്തമവിശ്വാസത്തോടെ ആവശ്യപ്പെടുന്ന വിവരങ്ങൾ നിർണ്ണയിക്കപ്പെടുന്ന നടപടിക്രമത്തിനനുസൃതമായി ഏത് പൗരനും ലഭിക്കാൻ അവകാശമുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണം സുതാര്യമാക്കാനാണ് ഇങ്ങനെയൊരു വ്യവസ്ഥ പഞ്ചായത്ത് രാജ് നിയമത്തിൽ ഉൾപ്പെടുത്തിയത്.



### ലക്ഷ്യങ്ങൾ:

1. പൊതു അധികാരിയുടെ നിയന്ത്രണത്തിലുള്ള വിവരങ്ങൾ പൗരൻമാർക്ക് പ്രാപ്യമാകുന്ന തരത്തിൽ അറിയാനുള്ള അവകാശം പ്രായോഗികമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
2. പൊതുഅധികാരിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഉത്തരവാദിത്തപരവുമാക്കുക
3. കേന്ദ്ര സംസ്ഥാന തലങ്ങളിൽ

ഇൻഫർമേഷൻ കമ്മീഷനുകളു ടെ രൂപീകരണവും അനുബന്ധ തുടർനടപടികളും ചിട്ടപ്പെടു ത്തുക.

രേഖകൾ, പ്രമാണങ്ങൾ, മെമ്മോകൾ, ഇ-മെയിൽ, അഭിപ്രായങ്ങൾ, ഉപദേശങ്ങൾ, കുറിപ്പുകൾ, സർക്കലറുകൾ, ഉത്തരവുകൾ, ലോഗ് ബുക്കുകൾ, കോൺട്രാക്ടുകൾ(കരാറുകൾ), റിപ്പോർട്ടുകൾ, സാമ്പിളുകൾ, മോഡലുകൾ, സ്വകാര്യ സ്ഥാപനങ്ങളെ കുറിച്ച് മറ്റേതെങ്കിലും നിയമപ്രകാരം സർക്കാരിന് ലഭ്യമാക്കുന്ന വിവരങ്ങൾ എല്ലാം തന്നെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടും.

വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിനുള്ള പൊതു അധികാര സ്ഥാനത്തെ പ്രത്യേകിച്ച് വിവരിച്ചിട്ടുണ്ട്. ഭരണഘടനയാലോ പാർലമെന്റിനാലോ സംസ്ഥാന നിയമസഭകളാലോ അതുമല്ലെങ്കിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനമോ, ഉത്തരവോ മുഖേന സ്ഥാപിക്കപ്പെട്ടതോ രൂപീകരിക്കപ്പെട്ടതോ ആയ അധികാരസ്ഥാനം, കമ്പനി, സ്വയം ഭരണ സ്ഥാപനം തുടങ്ങിയവ ഗവൺമെന്റ് ഉടമസ്ഥതയിലുള്ളതോ അല്ലെങ്കിൽ ഗണ്യമായ സാമ്പത്തികം ലഭിച്ചിട്ടുള്ള കമ്പനികൾ എന്നിവയെല്ലാം തന്നെ പൊതു അധികാരി എന്ന നിർവ്വചനത്തിൽപ്പെടും.

വിവരാവകാശ നിയമം പ്രകാരം അപേക്ഷകന് ലിഖിതമായോ, ഇലക്ട്രോണിക് മാധ്യമം മുഖേനയോ അപേക്ഷ സമർപ്പിക്കാം (റൂൾ6(1)). പ്രാദേശിക ഭാഷ, രാഷ്ട്ര ഭാഷ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അപേക്ഷ തയ്യാറാക്കാം (റൂൾ 6(1)). അപേക്ഷ തീർപ്പാക്കുന്നത് എത്രയും വേഗം, പരമാവധി 30 ദിവസത്തിനകം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു വ്യക്തിയുടെ ജീവനോ അല്ലെങ്കിൽ സ്വാതന്ത്ര്യത്തേയോ സംബന്ധിക്കുന്നതാണെങ്കിൽ മറുപടി നൽകേണ്ട കാലാവധി അപേക്ഷ ലഭിച്ച 48 മണിക്കൂറിനകമാണ് (റൂൾ7(1)). അപേക്ഷയോടൊപ്പം അടക്കേണ്ടതിന്റെ ഫീസ് 10 രൂപ മാത്രമാണ്. കോർട്ട് ഫീസ്, 0010- മറ്റ് ഭരണപരമായ സേവനങ്ങൾ, 80 -മറ്റ് സേവനങ്ങൾ, 42-മറ്റ് സേവനങ്ങൾ എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ പണമായി അടയ്ക്കാം. ഇതുകൂടാതെ ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്കേഴ്സ് ചെക്ക്/ പേ ഓർഡർ ആയോ പണം അടയ്ക്കാം.

വിവരം നൽകുന്നതിനുള്ള ഫീസ് A4 വലുപ്പത്തിലുള്ള പകർപ്പിന് 2 രൂപ ഈടാക്കാവുന്നതാണ്. റെക്കോർഡുകൾ പരിശോധിക്കുന്നതിനുള്ള ഫീസ് ആദ്യ ഒരു മണിക്കൂർ സൗജന്യമായും തുടർന്നുള്ള ഓരോ 30 മിനിട്ടിനും 10/- രൂപയും Disc, floppy, CD തുടങ്ങിയ ഇലക്ട്രോണിക് മാധ്യമം എന്നിവയ്ക്കു 50 രൂപ ഓരോന്നിനും ഈടാക്കാവുന്നതാണ്.

### അപേക്ഷ തീർപ്പാക്കൽ:

വിവരം ആവശ്യപ്പെട്ടുകൊണ്ട് പൊതു അധികാരിക്കു സമർപ്പിക്കുന്ന അപേക്ഷയിന്മേൽ 30 ദിവസത്തിനകം തീർപ്പ് കൽപിക്കണം. ഈ കാലയളവിനുള്ളിൽ നിശ്ചിത ഫീസ് ഈടാക്കി വിവരം നൽകുകയോ, അല്ലെങ്കിൽ തക്കതായ കാരണങ്ങളാൽ നിരസിച്ചതായി അറിയിക്കുകയോ ചെയ്യണം. (റൂൾ7(1)). അപേക്ഷകന്റെ ജീവിതത്തേയോ സ്വാതന്ത്ര്യത്തേയോ ബാധിക്കുന്ന അടിയന്തിര വിവരങ്ങളാണ് ആവശ്യപ്പെടുന്നതെങ്കിൽ അവ 48 മണിക്കൂറിനുള്ളിൽ ലഭ്യമാക്കേണ്ടതാണ്. വിവരം നൽകാനുള്ള ചെലവായി കൂടുതൽ ഫീസ് ആവശ്യമെങ്കിൽ സെൻട്രൽ/സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ അത് സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതാണ്.

### അപ്പീൽ നൽകൽ:

നിശ്ചിത കാലവധിക്കുള്ളിൽ അപേക്ഷയിന്മേൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ തീരുമാനമെടുത്ത് അറിയിക്കാത്തതുമൂലം ബുദ്ധിമുട്ടുണ്ടാകുന്ന പക്ഷം 30 ദിവസത്തിനകം അപേക്ഷകർക്ക് ഒന്നാം അപ്പീൽ അധികാരിക്ക് (ഡി.ഡി.പി) അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവിനെതിരെ രണ്ടാം അപ്പിലധികാരിക്ക് (സംസ്ഥാന വിവരാവകാശ കമ്മീഷൻ) അപ്പീൽ സമർപ്പിക്കാം. അപ്പീൽ നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണം ബോധിപ്പിക്കാൻ അധികാരി ബാധ്യസ്ഥനാണ്. (വകുപ്പ്19(5)). അപ്പീലിൽ 30 ദിവസത്തിനകം തീർപ്പ് കൽപിക്കണം. ഏതെങ്കിലും കാരണവശാൽ അപ്പീൽ ദീർഘിപ്പിക്കേണ്ടി വന്നാലും 45 ദിവസങ്ങൾ കഴിയും മുമ്പ് തീർപ്പ് കൽപ്പിച്ചിരിക്കണം (വകുപ്പ് 19(6)). കേന്ദ്ര/സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെ തീരുമാനം അന്തിമമാണ്. (വകുപ്പ് 19(7)).

### ശിക്ഷാനടപടികൾ:

കേന്ദ്ര/സംസ്ഥാന ഇൻഫർമേഷൻ ഓഫീസർ തക്കതായ കാരണം കൂടാതെ അപേക്ഷ നിരസിക്കുകയോ വിവരം നിശ്ചിത



കാലാപരിധിക്കുള്ളിൽ നൽകാതിരിക്കുകയോ വ്യാജകാരണങ്ങളാൽ നിരസിക്കുകയോ, തെറ്റായ വിവരം നൽകുകയോ, നൽകേണ്ട വിവരം നശിപ്പിക്കുകയോ, വിവരം നൽകുന്നതിനെ തടസ്സപ്പെടുത്തുകയോ ചെയ്തതായി കേന്ദ്ര/ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന് പരാതി ലഭിക്കുകയോ അപ്പീൽ അംഗീകരിക്കുകയോ ചെയ്താൽ പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാം. (വകുപ്പ് 20(1)). പ്രതിദിനം 250 രൂപ നിരക്കിൽ പരാതി ലഭിച്ച തീയതിവരെ അല്ലെങ്കിൽ വിവരം നൽകിയത് വരെ പിഴ ഈടാക്കാവുന്നതാണ്. എന്നാൽ പിഴ 25000 രൂപയിൽ കവിയാൻ പാടില്ല. പിഴ ഈടാക്കുന്നതിന് മുമ്പായി പൊതു അധികാരിക്ക് ബോധിപ്പിക്കാനുള്ളത് കേൾക്കാനുള്ള അവസരം ഉണ്ടാകണം. പരാതി സംബന്ധിച്ച കാര്യങ്ങൾ എടുത്ത നടപടി ഉചിതവും ന്യായവുമാണെന്ന് തെളിയിക്കാനുള്ള ചുമതല കേന്ദ്ര/ സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ്.

രാജ്യസുരക്ഷ, സുരക്ഷാപരമായ രഹസ്യങ്ങൾ, തുടങ്ങിയ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളേയും സാമൂഹ്യ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കാവുന്ന വിവരങ്ങൾ, സർക്കാരുകളുടേയോ, കോടതികളുടേയോ പരിഗണനയിലിരിക്കുന്ന കാര്യങ്ങൾ (കോടതി അലക്ഷ്യമാകുന്ന കാര്യങ്ങൾ) എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (വകുപ്പ് 24(1)).

### സേവനാവകാശ നിയമം 2012:

കേരള പഞ്ചായത്ത് രാജ് ആക്ട് 272 എ വകുപ്പ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും അതിൽ പറയുന്ന സേവനങ്ങൾ ജനങ്ങൾക്ക് കാര്യക്ഷമമായ രീതിയിൽ സമയബന്ധിതമായി പ്രധാനം ചെയ്യുന്ന കാര്യത്തിൽ വേണ്ടത്ര നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതാണ് സേവനാവകാശ നിയമത്തിന്റെ കടന്നുവരവിന് കാരണമായത്. 2010 ആഗസ്റ്റ് 19-ന് മദ്ധ്യപ്രദേശിൽ ഈ നിയമം ആദ്യമായി നടപ്പിലാക്കപ്പെട്ടു. തുടർന്ന് 2011-ൽ ബീഹാർ, പഞ്ചാബ്, ഡൽഹി, രാജസ്ഥാൻ, ഉത്തർപ്രദേശ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലും നടപ്പിലാക്കി. കേരളത്തിൽ 20.10.2012-ലെ GO (P) No. 56/2012 P&RD ഉത്തരവ് അനുസരിച്ച് 2012 നവംബർ 1 മുതൽ ഈ നിയമം പ്രാബല്യത്തിൽ വന്നു.

സേവനാവകാശ നിയമപ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു [GO (MS) No.01/2013 LSGD, dated 01.01.2013].

പഞ്ചായത്ത് ഡയറക്ടറേറ്റ് - 3 സേവനങ്ങൾ
പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറേറ്റ് - 7 സേവനങ്ങൾ
ഗ്രാമ പഞ്ചായത്ത് - 16 സേവനങ്ങൾ
ബ്ലോക്ക് പഞ്ചായത്ത് - 5 സേവനങ്ങൾ

### സേവനാവകാശ നിമയത്തിലെ വിവിധ വ്യവസ്ഥകൾ:

സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് നിയമാധിഷ്ഠിതമായ സ്ഥാപനങ്ങൾ തുടങ്ങിയവ പൊതുജനങ്ങൾക്കു നൽകി വന്നിരുന്നതായ സേവനങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത ചില സേവനങ്ങൾ ഈ നിയമ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇങ്ങനെ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളാണ് സേവനാവകാശ നിയമത്തിൽ 'സേവനം'എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്.

സേവനങ്ങൾ നൽകാൻ വേണ്ടി ഓരോ ഓഫീസിലും ഒരു ഓഫീസറെ നിയുക്ത ഓഫീസറായി സ്ഥാനാന്തരണം ചെയ്തിട്ടുണ്ട്. നിയുക്ത ഓഫീസർ (designated Officer) മുഖേനയാണ് അപേക്ഷകന് സേവനം ലഭിക്കുന്നത്. അപേക്ഷയിൽ എന്തെങ്കിലും ന്യൂനത കണ്ടെത്തിയാൽ നിയുക്ത ഓഫീസർ ആ വിവരങ്ങൾ രശീതിയിൽ രേഖപ്പെടുത്തി നൽകുന്നു. അപേക്ഷയിലെ ഈ ന്യൂനതകൾ പരിഹരിക്കപ്പെടുന്ന തീയതി മുതലേ സേവനം നൽകേണ്ട സമയപരിധി ആരംഭിയ്ക്കുകയുള്ളൂ. തുടർന്ന് നിശ്ചിത സമയപരിധിക്കകം സേവനം നൽകുന്നതാണ്. വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭിയ്ക്കുക എന്നുള്ളത് അവകാശമാക്കുകയാണ് സേവനാവകാശ നിയമത്തിലൂടെ. സേവനങ്ങൾ ലഭിക്കുന്നതിന് നിലവിൽ ഉണ്ടായിരുന്ന നടപടിക്രമങ്ങൾക്ക് യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

### അപ്പീൽ വ്യവസ്ഥകൾ:

അപേക്ഷകന് സേനവാനവകാശ നിയമപ്രകാരം പറഞ്ഞിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം ലഭിച്ചില്ലായെങ്കിൽ അപേക്ഷകന് 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിക്ക് അപ്പീൽ നല്കാവുന്നതാണ്. ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശം പാലിക്കാൻ നിയുക്ത ഉദ്യോഗസ്ഥൻ ബാധ്യസ്ഥനാണ്. നിയുക്ത ഉദ്യോഗസ്ഥൻ അതിന് തയ്യാറല്ലായെങ്കിൽ അപേക്ഷകന് 60 ദിവസത്തിനകം രണ്ടാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഒന്നാം അപ്പീൽ നിശ്ചിത സമയപരിധിക്കകം തീർപ്പാക്കാതിരിക്കുന്ന സന്ദർഭങ്ങളിലും അല്ലെങ്കിൽ ഒന്നാം അപ്പീൽ തീർപ്പാക്കിയതിൽ അപേക്ഷകൻ സംതൃപ്തനല്ലാതിരിക്കുമ്പോഴും രണ്ടാം അപ്പീൽ സമർപ്പിക്കാവുന്നതാണ്. രണ്ടാം അപ്പീലിനും ഫീസില്ല.

രണ്ടാം അപ്പീൽ സമയപരിധിക്കകം സമർപ്പിക്കുവാൻ കഴിയാതിരുന്നതിന് ന്യായമായ കാരണങ്ങളുണ്ടെങ്കിൽ 60 ദിവസം എന്ന സമയപരിധി കഴിഞ്ഞാലും രണ്ടാം അപ്പീൽ സ്വീകരിക്കുന്നതാണ്. രണ്ടാം അപ്പീൽ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണ്.

### അപ്പീൽ കൈക്കൊള്ളാവുന്ന നടപടിക്രമങ്ങൾ:

അപ്പീലുകൾ തീർപ്പാക്കുന്ന അവസരത്തിൽ ഒന്നാം അപ്പീൽ അധികാരിയ്ക്കും രണ്ടാം അപ്പീൽ അധികാരിയ്ക്കും 1908-ലെ സിവിൽ നടപടി നിയമ സംഹിത പ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കാവുന്നതാണ്.

അപേക്ഷകൻ അപ്പീലിനോടൊപ്പം താഴെ പറയും പ്രകാരമുള്ള രേഖകൾ ഹാജരാക്കിയിരിക്കേണ്ടതാണ്.

(1) ഒന്നാം അപ്പീലിനോടൊപ്പം രണ്ടാം അപ്പീലിനോടൊപ്പമോ ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകളുടെ ലിസ്റ്റ്.

(2) ഏത് ഉത്തരവിനെതിരെയാണോ ഒന്നാം അപ്പീലോ രണ്ടാം അപ്പീലോ സമർപ്പിക്കുന്നതിന് കാരണമായത് ആ ഉത്തരവിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

(3) ഒന്നാം അപ്പീലീലോ രണ്ടാം അപ്പീലിലോ സൂചിപ്പിക്കുന്ന പ്രമാണങ്ങളുടെ പകർപ്പുകൾ

സേവനാവകാശ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് പിഴ ശിക്ഷ ചുമത്തപ്പെടാവുന്ന രണ്ടു സാഹചര്യങ്ങളാണുള്ളത്

1) ന്യായമായ കാരണങ്ങളില്ലാതെ സേവനം നൽകാതിരിക്കുക

2) സേവനം നിശ്ചിത സമയപരിധിക്കകം നൽകാതിരിക്കുക.

ന്യായമായ കാരണങ്ങളില്ലാതെ സേവനം നൽകാതിരുന്നാൽ നിയുക്ത ഓഫീസർക്കെതിരെ 500 രൂപ മുതൽ പരമാവദി 5000 രൂപ വരെ പിഴ ചുമത്തുന്നതാണ്. സേവനം നൽകാൻ വൈകിയത് ന്യായമായ കാരണങ്ങളില്ലാതെയാണെങ്കിൽ വൈകിയ ഓരോ ദിവസത്തിനും നിയുക്ത ഓഫീസർക്കെതിരെ 250 രൂപ നിരക്കിൽ പരാമാവധി 5000 രൂപ വരെ പിഴ ചുമത്തുന്നതാണ്.

ന്യായമായ കാരണങ്ങളില്ലാതെ ഒന്നാം അപ്പീൽ സമയപരിധിക്കകം തീർപ്പാക്കാതിരുന്നാൽ ഒന്നാം അപ്പീലധികാരിയുടെ മേൽ 500 രൂപ മുതൽ 5000 രൂപ വരെ പിഴ ചുമത്തുവാൻ രണ്ടാം അപ്പീൽ അതോറിറ്റിക്ക് അധികാരമുണ്ട്.

നിയുക്ത ഉദ്യോഗസ്ഥനോ ഒന്നാം അപ്പിൽ അധികാരിയോ ഈ ആക്ട് പ്രകാരം അവർക്ക് ഏൽപ്പിച്ചുകൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ ന്യായമായ കാരണങ്ങളില്ലാതെ വീഴ്ച വരുത്തിയതായി തെളിഞ്ഞാൽ നിയുക്ത ഉദ്യോഗസ്ഥനും ഒന്നാം അപ്പീൽ അധികാരിയ്ക്കുമെതിരെ സർവ്വീസ് ചട്ടങ്ങൾപ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യാൻ രണ്ടാം അപ്പീൽ അധികാരിയ്ക്ക് അധികാരമുണ്ട്.

ഈ നിയമം അനുസരിച്ചോ ഇതുപ്രകാരമുള്ള ചട്ടങ്ങളനുസരിച്ചോ ഏതെങ്കിലു ഉദ്യോഗസ്ഥനോ വ്യക്തിയോ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിക്കുന്നതോ ആയ യാതൊന്നിനെ സംബന്ധിച്ചും യാതൊരു വ്യവഹാരമോ പ്രോസിക്യൂഷൻ നടപടിയോ മറ്റ് നടപടികളോ സ്വീകരിക്കുവാൻ പാടില്ല. ഈ ആക്ട് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ അപേക്ഷയോ മറ്റ് നടപടികളോ യാതൊരു സിവിൽ കോടതിയും പരിഗണിക്കില്ല. ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 27.10.2012-ൽ ജി.ഒ (പി) 56/2012/പി&എ.ആർ.ഡി നമ്പറായി സേവനാവകാശ നിയമത്തിന്റെ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ബുദ്ധിമുട്ടുകൾ ഉണ്ടായാൽ സർക്കാരിന് ഈ നിയമത്തിനോ ചട്ടങ്ങൾക്കോ വിരുദ്ധമാകാത്ത രീതിയിൽ ഏതു കാര്യവും ഗസറ്റ് ഉത്തരവു മൂലം പരിഹരിക്കാവുന്നതാണ്.

പൊതു ഭരണത്തിൽ സദ്ഭരണം യാഥാർത്ഥ്യമാക്കാൻ ഭരണകർത്താക്കളായ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും ചുമതലകൾ വളരെ വലുതാണ്. ഭരണം സുതാര്യമാക്കാൻ പൊതുഭരണത്തിൽ ജനപങ്കാളിത്തം കൊണ്ടുവരേണ്ടതുണ്ട്. അങ്ങനെ ജനകേന്ദ്രീകൃതമാക്കികൊണ്ട് കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിന് നേതൃത്വം നൽകാൻ ഭരണകർത്താക്കൾ മുന്നോട്ട് ഇറങ്ങണം. ആക്ട്, റൂൾ ഉത്തരവുകൾ, മുൻകാല കമ്മറ്റി തീരുമാനങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം തീരുമാനമെടുക്കാൻ ഭരണസമിതിയെ സഹായിക്കുകയും, എടുത്ത തീരുമാനങ്ങളുടെ യുക്തിയും നിയമസാധുതയും ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സ്വയം വെളിപ്പെടുത്തേണ്ടകാര്യങ്ങൾ സ്വയം വെളിപ്പെടുത്തുകയും പൗരാവകാശ രേഖ, സേവനാവകാശ നിയമം എന്നിവയിൽ പറഞ്ഞ പ്രകാരം സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം. അതോടൊപ്പം സമയബന്ധിതമായി സേവനങ്ങൾ പ്രധാനം ചെയ്യുന്ന തലത്തിലേക്ക് ഓഫീസ് സംവിധാനത്തെ ഉയർത്തി കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. അതിന് രേഖകളുടേയും പ്രമാണങ്ങളുടേയും ചിട്ടയായ സൂക്ഷിപ്പ് ഉറപ്പ് വരുത്തണം. അറിയാനുള്ള അവകാശം അംഗീകരിക്കുക ഇങ്ങനെ ചിട്ടയായതും കാര്യക്ഷമമായതുമായ ഭരണ നിർവ്വഹണസ്ഥാനമാക്കി ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളേയും ഉയർത്തി കൊണ്ടുവരാൻ നമ്മൾ ഓരോരുത്തരും മുന്നിട്ടിറങ്ങേണ്ടതണ്.

*കൊട്ടരക്കര എസ്.ഐ.ആർ.സിയിൽ അസി. പ്രൊഫസറാണ് ലേഖകൻ*

◆



ടി. ഷാഹുൽ ഹമീദ്

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും

73, 74 ഭരണഘടന ഭേദഗതികൾ, 1994 ലെ കേരള പഞ്ചായത്തീ രാജ് നിയമങ്ങൾ അധികാര- ആസൂത്രണ വികേന്ദ്രീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധങ്ങളായ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ അനിവാര്യ ചുമതലകളും പൊതുചുമതലകളും കേരള പഞ്ചായത്തീരാജ് നിയമത്തിലെ 11-ാം പട്ടികയിലും മുനിസിപ്പൽ നിയമത്തിലെ 12-ാം പട്ടികയിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഭരണഘടന സ്ഥാപനങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരമപ്രധാനമായ കടമ സാമൂഹ്യനീതിയും, പ്രാദേശിക സാമ്പത്തിക വികസനവുമാണ്. ഈ ലക്ഷ്യം നേടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അകമഴിഞ്ഞ് സഹായിക്കുന്ന സാമൂഹ്യാധിഷ്ഠിത പ്രസ്ഥാനമാണ് കുടുംബശ്രീ. കേരളത്തിൽ കഴിഞ്ഞ 17 വർഷക്കാലം നേട്ടങ്ങളുടെ നിരവധി ഏടുമായി മുന്നോട്ടു പോകുന്ന കുടുംബശ്രീയുടെ ലക്ഷ്യം സ്ത്രീ ശാക്തീകരണം, പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയാണ്.

കേരളത്തിൽ കുടുംബശ്രീ പ്രസ്ഥാനത്തിന് നേതൃത്വവും മേൽനോട്ടവും വഹിക്കുന്നത് അതത് പഞ്ചായത്ത്/നഗരസഭ ഭരണസമിതികളാണ്. കേരളത്തിൽ കരുത്തുറ്റ സ്ത്രീ മുന്നേറ്റത്തിന് വേണ്ടി സൂര്യതേജസ്സോടെ പ്രവർത്തിക്കുന്നത് കുടുംബശ്രീയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർലോഭമായ പിന്തുണയും നേതൃത്വവും സമയോചിതമായ സൂക്ഷ്മ നിരീക്ഷണങ്ങളും വിലയിരുത്തലുമാണ് കുടുംബശ്രീ പ്രതീക്ഷിക്കുന്നത്. കൂടാതെ വളർച്ചയ്ക്കും പുരോഗതിയ്ക്കും ആവശ്യമായ നേതൃത്വവും മാർഗനിർദ്ദേശങ്ങളും നൽകുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. നവോന്മേഷത്തോടെ പുതുതായി അധികാരമേറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ഈ കാര്യത്തിൽ ക്രിയാത്മകമായി പങ്ക് വഹിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2015 ലെ തിരഞ്ഞെടുപ്പിൽ13993 കുടുംബശ്രീ പ്രവർത്തകർ മത്സരിച്ചതിൽ 7376 പേർ വിജയിച്ചു എന്നത് കുടുംബശ്രീ നേടിയ രാഷ്ട്രീയ ശാക്തീകരണത്തിന്റെ നിദർശനമാണ്.

### കുടുംബശ്രീ ചരിത്രം

ആലപ്പുഴ-മലപ്പുറം ജില്ലകളിലെ നഗരദാരിദ്ര ലഘൂകരണ പദ്ധതിയുടെയും (യുപിഎ) സാമൂഹ്യാധിഷ്ഠിത പോഷകാഹാര പദ്ധതിയുടെയും (സിബിഎൻപി) യുടെയും വിജയകരമായ നടത്തിപ്പ് മാതൃകയിലാണ് ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടന സംവിധാനമായി കുടുംബശ്രീ പിറന്ന് വീണത് 1998 മെയ് 17-ാം തീയതി മലപ്പുറത്തെ കോട്ടകുന്ന് മൈതാനത്ത് വച്ച് പ്രധാനമന്ത്രി ശ്രീ.എ.ബി.വാജ്പേയി കുടുംബശ്രീ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. നഗര ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്ന



യുപിഎ സെൽ 1999 ഏപ്രിലിൽ കുടുംബശ്രീ പദ്ധതിയിൽ ലയിപ്പിച്ചു. കേരള സർക്കാറിന്റെ ആഭിമുഖ്യത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ സ്വീകരിച്ചിട്ടുള്ള നൂതന ദാരിദ്ര്യ-നിർമ്മാർജ്ജന മിഷൻ സ്ത്രീ ശാക്തീകരണ പരിപാടി കുടുംബശ്രീ 18.11.98-ലാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്.

### കുടുംബശ്രീയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

കുടുംബശ്രീയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആത്മബന്ധമാണുള്ളത്. കുടുംബശ്രീയുടെ സിഡിഎസ് ഓഫീസുകൾ മുഴുവൻ പ്രവർത്തിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് സമുച്ചയങ്ങളിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങളുടെ മുഖ്യ ഔദ്യോഗിക ഏജൻസിയായി പ്രവർത്തിക്കുന്ന, ഓരോ കുടുംബത്തിൽ നിന്ന് ഒരു സ്ത്രീ അംഗമായ കേരളത്തിന്റെ മുഖശ്രീയാണ് കുടുംബശ്രീ. കുടുംബശ്രീ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷ(ൻ) മാരുടെ നേതൃത്വത്തിൽ വിലയിരുത്തൽ സമിതി, കോർ കമ്മിറ്റി എന്നിവ പ്രവർത്തിക്കുന്നു. വാർഡുകളിൽ എഡിഎസിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത്, വാർഡ് കൗൺസിലർ/മെമ്പർമാരാണ്, ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഔദ്യോഗിക കണ്ണിയായി പ്രവർത്തനം ഏകോപിപ്പിക്കുന്നത് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരായ ഉദ്യോഗസ്ഥന്മാരാണ്. കേരളത്തിലെ ഏറ്റവും വലിയ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനമായ ആശ്രയ പദ്ധതി (അഗതി പുനരധിവാസ പദ്ധതി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബശ്രീയാണ് നടപ്പിലാക്കുന്നത്. കുടുംബശ്രീ സിഡിഎസ് ഭരണസമിതികളിൽ 5 വനിത ജനപ്രതിനിധികൾ എക്സ് ഒഫിഷ്യ അംഗങ്ങളായി പ്രവർത്തിക്കുന്നത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും തമ്മിലുള്ള ഭരണപരമായ ബന്ധത്തിന്റെ മകുടോദാഹരണമാണ്. കുടുംബശ്രീയുടെ ആക്ഷൻ പ്ലാൻ അംഗീകരിക്കേണ്ടത് തദ്ദേശ ഭരണ സമിതികളാണ്. കൂടാതെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുഖ്യവിഷയം കുടുംബശ്രീ പ്രവർത്തനമാണ്. കുടുംബശ്രീ ബൈലോയിൽ കുടുംബശ്രീ ലക്ഷ്യമായി കണക്കാക്കുന്ന 14 ലക്ഷ്യങ്ങളിൽ ബഹുഭൂരിഭാഗവും തദ്ദേശ സ്വയംഭരണ പ്രവർത്തന ലക്ഷ്യങ്ങളുമായി സമാരസ്യപ്പെട്ട് നിൽക്കുന്നു. എല്ലാറ്റിനുമുപരി ദാരിദ്ര്യ ഉപസമിതി ഉണ്ടാക്കേണ്ടത് കുടുംബശ്രീയാണ്. ഇങ്ങനെ സർവ്വ മേഖലയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കുടുംബശ്രീയ്ക്ക് വേർപിരിയാൻ കഴിയാത്ത പൊക്കിൾകൊടി ബന്ധമാണുള്ളത്.



സർക്കാറിന്റെ സഹായം:- സ്ത്രീകളുടെയും കുട്ടികളുടെയും അഭിവൃദ്ധിക്കുവേണ്ടി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി വിഹിതത്തിന്റെ 10% തുക വനിത ഘടക പദ്ധതിക്കായി വിനിയോഗിക്കണം, ജനസംഖ്യയിൽ 52% വരുന്ന സ്ത്രീകളുടെ പ്രശ്നങ്ങളിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൃത്യമായ നയം ഉണ്ടാകണം, പൊതുമണ്ഡലങ്ങളിൽ അവരെ കൊണ്ടുവരുന്നതിനും, തൊഴിൽ പങ്കാളിത്വം വർദ്ധിപ്പിക്കുന്നതിനും, ജീവിത വിജയം ഉണ്ടാക്കി കൊടുക്കുന്നതിനും അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കാണുന്നതിനുവേണ്ടിയാണ് ഈ മേഖലയ്ക്ക് തുക നിർബന്ധമായും വകയിരുത്തിയത്.

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരെ സഹകരിപ്പിക്കുന്നതിന് 06.02.2015 ലെ 55247/14 നിർദ്ദേശ പ്രകാരം പഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമാക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും കുടുംബശ്രീ മുഖേന ഹെൽപ്ഡെസ്ക്ക് പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഗ്രാമകേന്ദ്രം/സേവാഗ്രാമം ഫെസിലിറ്റേറ്റർമാരായി കുടുംബശ്രീ പ്രവർത്തകരെ നിയമിക്കുവാനും പരസ്യനികുതി പിരിവ്, കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന കേന്ദ്രം എന്നിവ ഉണ്ടാക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ കുടുംബശ്രീയ്ക്ക് സഹായം ചെയ്യേണ്ടതായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, വനിതാ ക്ഷേമം, സദ്ഭരണം, സാമഹ്യനീതി, സ്വാശ്രയത്വം എന്നീ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടുന്നതിന് കുടുംബശ്രീയുമായുള്ള സഹകരണം അർത്ഥപൂർണ്ണമാകുവാൻ ജനപ്രതിനിധികൾ പരിശ്രമിക്കേണ്ടതാണ്.

### 12-ാം പഞ്ചവത്സര പദ്ധതി

12-ാം പഞ്ചവത്സര പദ്ധതി അവസാനിക്കുവാൻ പോകുന്ന ഘട്ട



ത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ചെയ്യാൻ കഴിയുന്നതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീ സൗഹാർദ്ദമാക്കുന്നതിന് വേണ്ടിയും, സ്വാശ്രയത്വം നേടുന്നതിനു താഴെപറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

ജീവനോപാധി പ്രവർത്തനങ്ങളിൽ ബിപിഎൽ കാരെയോ 50,000 രൂപ വാർഷിക വരുമാനം ഇല്ലാത്തവരോ ആയ സ്ത്രീകളെ കണ്ടെത്തി ഗ്രാമസഭ അംഗീകാരത്തോടെ വിവിധങ്ങളായ നൈപുണ്യങ്ങളും വൈദഗ്ധ്യങ്ങളും ഉണ്ടാക്കികൊടുക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്നവരെ സഹായിക്കുന്നതിനും, ഓട്ടോറിക്ഷ വാങ്ങിക്കുന്നതിനും സ്ത്രകൾക്ക് പ്രത്യേക സഹായം നൽകാവുന്നതാണ്. സ്വയംതൊഴിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് ആസ്തി സൃഷ്ടിക്കുന്നതിന് 2 ലക്ഷം രൂപവരെ സഹായം നൽകാവുന്നതാണ്. വായ്പാധിഷ്ഠിത തൊഴിൽ സംരംഭത്തിന് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. വിവിധ സംരംഭങ്ങളെ ക്ലസ്റ്ററുകളാക്കി മാറ്റി കോമൺ ഫെസിലിറ്ററി സെന്ററുകൾക്ക് പശ്ചാത്തല സൗകര്യം പ്ലാൻ ഫണ്ടിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാക്കാൻ സാധിക്കുന്നതാണ്. കൂടാതെ ഉല്പാദന മേഖലയിലെ വിവിധങ്ങളായ പ്രവർത്തനങ്ങളും കുടുംബശ്രീ മുഖേന ഏറ്റെടുക്കാവുന്നതാണ്.

## കമ്മ്യൂണിറ്റി കോൺട്രാക്ടിങ്

പൊതുമരാമത്ത് ജോലികൾ പുരുഷന്മാരുടെ കുത്തകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് ജോലികളിൽ ബഹുഭൂരിഭാഗവും അഞ്ച് ലക്ഷം രൂപയ്ക്ക് താഴെയുള്ളതാണ്. അത്തരം ജോലികൾ 12-ാം പഞ്ചവത്സര മാർഗരേഖ പ്രകാരം കുടുംബശ്രീ മസൺ യൂണിറ്റിനെ ഏൽപ്പിക്കാവുന്നതാണ്. എറണാകുളം ജില്ലയിൽ കുടുംബശ്രീയുടെ കീഴിൽ All Women Construction Group നിലവിൽ പ്രവർത്തിച്ചുവരുന്നു. നിർമ്മിതിയുടെ സഹായത്തോടെ ഈ മേഖലയിൽ പരിശീലനം സംഘടിപ്പിക്കുന്നതാണ്. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും അഞ്ച് ലക്ഷം രൂപ വരെയുള്ള പൊതുമരാമത്ത് പ്രവർത്തികൾ കുടുംബശ്രീ പ്രവർത്തകരെ ഏൽപ്പിക്കുവാൻ മുന്നോട്ട് വരേണ്ടിയിരിക്കുന്നു. കൂടുതൽ സ്ത്രീകളെ വ്യത്യസ്ത മേഖലകളിലേക്ക് കൊണ്ടുവരാൻ ഈ പ്രവർത്തനം ഉപകരിക്കുന്നതാണ്.



## ജീവനോപാധി കേന്ദ്രങ്ങൾ

കേരളത്തിൽ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതലെങ്കിലും തൊഴിൽ പങ്കാളിത്തത്തിൽ ദേശീയ ശരാശരിയേക്കാൾ പിറകിലാണ്. ഇന്ത്യയിൽ 25% സ്ത്രീകൾ തൊഴിൽ ചെയ്യുമ്പോൾ കേരളത്തിൽ അത് 17% മാത്രമാണ്. വൈദഗ്ധ്യം ആവശ്യമുള്ള മേഖല ഏതൊക്കെയെന്ന് കണ്ടെത്തി കൂടുതൽ സ്ത്രീകളെ തൊഴിൽമുഖത്ത് എത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജീവനോപാധി കേന്ദ്രങ്ങൾ ആരംഭിക്കണം. തൊഴിൽ ആവശ്യമുള്ളവരായ സ്ത്രീകളെ രജിസ്റ്റർ ചെയ്ത് ആവർക്കാവശ്യമായ എല്ലാ പിന്തുണയും സഹായവും ചെയ്യുന്ന കേന്ദ്രങ്ങളായി ജീവനോപാധി കേന്ദ്രങ്ങൾ മാറണം. നാല് കാര്യങ്ങളാണ് ഇവിടെ പ്രധാനമായും നടക്കുന്നത്.

1. കൗൺസിലിങ്, വ്യക്തിപരമായുള്ള വിലയിരുത്തൽ
2. വിവിധങ്ങളായ പരിശീലനങ്ങൾ
3. വ്യത്യസ്തങ്ങളായ തൊഴിലവസരങ്ങൾ കണ്ടെത്തി നൽകൽ.
4. ചെറുകിട സംരംഭങ്ങളുടെ രൂപീകരണം, ധനകാര്യസ്ഥാപനങ്ങളുമായി ബന്ധിപ്പിക്കൽ.

## സി.ഡി.എസ് ആക്ഷൻപ്ലാൻ

2015 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിജയിച്ച ഏകദേശം 52% വനിത ജനപ്രതിനിധികളും കുടുംബശ്രീ പ്രവർത്തകരാണ്. കേരളത്തിന്റെ സ്ത്രീമുന്നേറ്റ ചരിത്രത്തിൽ നിർണ്ണായക ഇടപെടലുകളാണ്. കുടുംബശ്രീ കഴിഞ്ഞ 17 വർഷം കൊണ്ട് നടത്തിയത്. സ്വയംസഹായ സംഘങ്ങൾ ലോകത്ത് ആദ്യമായി 1976 ൽ ബംഗ്ലാദേശിൽ മുഹമ്മദ് യുനസിന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയതിനു ശേഷം 22 വർഷം കഴിഞ്ഞാണ് കേരളത്തിൽ സ്വയം സഹായ സംഘങ്ങൾ വനിതകളുടെ നേതൃത്വത്തിൽ ഉണ്ടായത് എങ്കിലും ഇന്ന് കേരളം ദാരിദ്ര്യനിർമ്മാർജ്ജന രംഗത്തെ ഏറ്റവും മികവാർന്ന പ്രവർത്തനങ്ങളുമായി ബംഗ്ലാദേശിനെ പുറംതള്ളിയിരിക്കുന്നു. സംസ്ഥാന സർക്കാർ കുടുംബശ്രീ സംവിധാനത്തെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉപയോഗിച്ചതുകൊണ്ടാണ് രാജ്യാന്തര മേഖലയിൽ നമുക്ക് അതുല്യ നേട്ടം കൈവരിക്കാൻ സാധിച്ചത്. ദാരിദ്ര്യനിർമ്മാർജ്ജനം കേവലം ആനുകൂല്യ വിതരണമാക്കാതെ അവകാശങ്ങളും അവസരങ്ങളും നേടിയെടുക്കുവാനുള്ള കഴിവുകൾ ആർജിക്കുന്നതിനും അവസരങ്ങളും പിന്തുണകളും ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുമ്പാകെ കുടുംബശ്രീ ആക്ഷൻ പ്ലാൻ സമർപ്പിച്ച് കഴിഞ്ഞിരിക്കുന്നു.

കുടുംബശ്രീ പ്രവർത്തകർ സ്വന്തം ജീവിതസാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് ജീവിതാവസ്ഥയെ രൂപാന്തരപ്പെടുത്താൻ ആവശ്യമായ കുറേ നിർദ്ദേശങ്ങളാണ് ആക്ഷൻ പ്ലാനിൽ അടങ്ങിയിട്ടുള്ളത്. സ്ത്രീകൾക്ക് സമ്പത്തിൽ അധികാരം, തുല്യ നിയന്ത്രണം ഉണ്ടാക്കുന്നതിനും സ്ത്രീകളുടെ ജീവിതത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന എല്ലാ സാമൂഹ്യ സാഹചര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉണ്ടാകണം. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടുകൾ, പരിഹാരങ്ങൾ, കരട് പദ്ധതി, നിർദ്ദേശങ്ങൾ എന്നിവയാണ് സിഡിഎസ് ആക്ഷൻപ്ലാനിലൂടെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

അവകാശാധിഷ്ഠിത സമീപനം സ്വീകരിച്ച് പൊതു പദ്ധതിയിൽ സ്ത്രീ പരിഗണന ഉണ്ടാകണം. പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾക്ക് ചലനാത്മകത ഉണ്ടാക്കാൻ ആവശ്യമായ പല നല്ല നിർദ്ദേശങ്ങളും കുടുംബശ്രീ പ്രവർത്തകർ സമർപ്പിച്ച് കഴിഞ്ഞിട്ടുണ്ട്.



## പ്രാദേശിക വികസന ശില്പശാലകൾ

കുടുംബശ്രീ സമർപ്പിച്ച ആക്ഷൻപ്ലാനും നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയും സി.ഡി.എസ് ഭരണസമിതിയും സ്റ്റേക്ക്ഹോൾഡർമാരും ചേർന്ന് വികസന ശില്പശാലകൾ നടത്തി ചർച്ച ചെയ്ത് കുറ്റമറ്റ രീതിയിൽ ആക്ഷൻപ്ലാൻ പ്രോജക്ട് നിർദ്ദേശങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നതാണ്.

## സാമൂഹ്യാധിഷ്ഠിത പ്രോജക്ട് രൂപകൽപ്പന

കുടുംബശ്രീ സംഘടന സംവിധാനത്തിൽ വിവിധങ്ങളായ രീതിയിൽ പിന്തുണാ സംവിധാന പ്രവർത്തകർ പ്രവർത്തിക്കുന്നു. ഓരോ സി.ഡി.എസിലും ഒരു കമ്മ്യൂണിറ്റി ഓർഗനൈസറെ കുടുംബശ്രീ പിന്തുണാ സംവിധാനത്തിൽ നിന്ന് തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് സിഡിഎസിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നേരിട്ട് സന്ദർശനം നടത്തി കഴിഞ്ഞകാല പ്രവർത്തനങ്ങളും അനുഭവങ്ങളും സാധ്യതക

ളും തിരിച്ചറിഞ്ഞ് ഒരു അവസ്ഥാ പഠന റിപ്പോർട്ട് തയ്യാറാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണ സമതിയുമായി ആലോചിച്ച് പഠന റിപ്പോർട്ടിലെ സാധ്യതകൾ പ്രോജക്ടുകളായി രൂപാന്തരപ്പെടുത്തുന്നു.

## വൈവിധ്യങ്ങളായ പ്രോജക്ടുകൾ

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അവസ്ഥ സാമൂഹ്യാധിഷ്ഠിതമായി മനസ്സിലാക്കിയതിന് ശേഷം വിഭവങ്ങളുടെ ലഭ്യതയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേകതകളും കണക്കിലെടുത്ത് ഓരോ കമ്മ്യൂണിറ്റി ഓർഗനൈസർമാരും പൊതുസമൂഹത്തിൽ സമസ്ത തലത്തിലും സ്ത്രീ സാന്നിദ്ധ്യവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനും സ്ത്രീകളുടെ പ്രശ്നങ്ങളിലുള്ള ഇടപെടൽ ശേഷി വികസിപ്പിക്കുന്നതിനും വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ പര്യാപ്തമാകുന്ന വിധത്തിലുള്ള വിവിധ പ്രോജക്ടുകളും സ്ത്രീകളുടെ ജീവിത പ്രാരാബ്ധങ്ങൾ ലഘൂകരിക്കുവാൻ പര്യാപ്തമാകുന്നതിനും പ്രാഥമിക ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തി സാമൂഹിക പദവി ഉയർത്തുന്നതിന് ഉതകുന്നതുമായ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുന്നതാണ്. സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്വം, സ്വതന്ത്രമായ നിലനിൽപ്പ്, സമൂഹത്തിന്റെ ആർജിത സമ്പത്തിൽ സ്ത്രീക്ക് തുല്യാവകാശവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തി സമൂഹത്തിലെ പരാധീനത അനുഭവിച്ചുവരുന്ന വൃദ്ധ-വികലാംഗ, അവിവാഹിത സ്ത്രീകൾ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, സ്ത്രീ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ, തീരദേശത്തെ സ്ത്രീകൾ, പട്ടികവർഗ വിഭാഗങ്ങൾ എന്നിവരുടെ സമസ്ത മുന്നേറ്റവും ലക്ഷ്യമാക്കിയ വിവിധങ്ങളായ പ്രോജക്ടുകൾ ചുരുങ്ങിയത് ഒരു സി.ഡി.എസിൽ 10 എണ്ണമെങ്കിലും ഉണ്ടാക്കി 2016 ജനുവരി 26 ന് എല്ലാ തദ്ദേശസ്വയംഭരണ സമിതികൾക്ക് മുമ്പാകെ തയ്യാറാക്കി കുടുംബശ്രീ നൽകുന്നതാണ്.

സ്ത്രീകളുടെ പുനരധിവാസ കേന്ദ്രം, ജീവനോപാധി കേന്ദ്രങ്ങൾ, ജാഗ്രതാസമിതികൾ, പരാതിപരിഹാര വനിത സെൽ, കൗൺസിലിങ്, സൗജന്യ നിയമസഹായം, ആരോഗ്യ ബോധവൽക്കരണം, അദാലത്തുകൾ, ജെൻഡർ കോർണറുകൾ എന്നീ പ്രവർത്തനങ്ങൾ നടത്തുവാൻ ആവശ്യമായ വിവിധ പ്രോജക്ടുകളും സ്ത്രീകൾ ഉപഭോക്താവായി മാത്രം മാറുന്ന സാഹചര്യം ഇല്ലാതാക്കി ഉല്പാദകരായി മാറ്റി സാമ്പത്തിക സ്വാശ്രയത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉണ്ടാക്കുവാൻ കുടുംബശ്രീ പരിശ്രമിക്കുന്നതാണ്.

സ്വാശ്രയത്വം എന്ന മഹാത്മജിയുടെ സ്വപ്നസാക്ഷാത്കാരത്തിന് കുടുംബശ്രീ പ്രവർത്തകർ ജനപ്രതിനിധികളുമായി തോളോട്തോൾ ചേർന്ന് പ്രവർത്തിക്കുന്നതാണ്. പൂർണമായും ദരിദ്രർ ഇല്ലാത്ത, എല്ലാ അർഹതപ്പെട്ടവർക്കും സാമൂഹിക ഇടപെടലോടെ കൈത്താങ്ങ് നൽകുന്നതിന് ഒരു സാമൂഹ്യ സുരക്ഷാവലയം ഉണ്ടാക്കുവാനും കുടുംബശ്രീ പ്രതിജ്ഞാബദ്ധരാണ്. ആസൂത്രണ പ്രക്രിയയിലെ ഏറ്റവും ഉദാത്തമായ പ്രക്രിയയിലൂടെ ഓരോ കുടുംബശ്രീ പ്രവർത്തകരുടെയും മനസ്സറിഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ മനസ്സിലാക്കി തയ്യാറാക്കുന്ന സാമൂഹ്യാധിഷ്ഠിത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും ഭാവി പ്രവർത്തനങ്ങളിൽ മുതൽക്കൂട്ടാകും എന്ന് നമുക്ക് ഉറച്ച് വിശ്വസിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാം എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് രൂപീകരിക്കേണ്ട സമയമാണ് ഇതെന്ന് തദ്ദേശഭരണസമിതികളെ ഓർമ്മിപ്പിച്ചുകൊണ്ട്. ◆

*കുടുംബശ്രീ സംസ്ഥാന മിഷൻ പ്രോഗ്രാം ഓഫീസറാണ് ലേഖകൻ*





സുദേനൻ എസ്. ഭാഗം 2

# സിവിൽ രജിസ്ട്രേഷൻ സംവിധാനം തദ്ദേശഭരണ സ്ഥാപനങ്ങളിൽ

കഴിഞ്ഞ ലക്കത്തിൽ സിവിൽ രജിസ്ട്രേഷന്റെ പ്രാധാന്യത്തെപ്പറ്റിയും, ഓരോ പൗരനേയും സിവിൽ രജിസ്ട്രേഷൻ നടത്തുവാൻ ബോധവത്കരണം നടത്തുന്നതിൽ ജനപ്രതിനിധികൾക്കുള്ള പങ്കിനെക്കുറിച്ചും പ്രതിപാദിച്ചു. സിവിൽ രജിസ്ട്രേഷനെപ്പറ്റി അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വിവരണവും നൽകിയിരുന്നു. വായനക്കാർക്ക് ഗുണകരമാകും എന്ന വിശ്വാസത്തിൽ സിവിൽ രജിസ്ട്രേഷനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ഈ ലക്കത്തിൽ ചേർത്തിരിക്കുന്നു.

ജനന-മരണ രജിസ്റ്ററുകൾ കാലപ്പഴക്കം മൂലവും അല്ലാതെയും നശിച്ചു പോവുകയും തന്നിമിത്തം അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യങ്ങളിൽ രജിസ്ട്രേഷൻ സംബന്ധിച്ച് സ്ഥാപനത്തിലോ വ്യക്തിയുടെ പക്കലോ ഏതെങ്കിലും തെളിവുകളുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുന:സൃഷ്ടിക്കാവുന്നതും തെളിവുകളൊന്നും ലഭ്യമല്ലാത്ത സംഗതികളിൽ സംഭവം രജിസ്ട്രേഷൻ യൂണിറ്റിന്റെ അധികാര പരിധിക്കുള്ളിൽ നടന്നതാണെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട ശേഷം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. അതോടൊപ്പം ബന്ധപ്പെട്ട വർഷത്തെ ജനന മരണ രജിസ്റ്റർ നശിച്ചുപോയതായുള്ള ഒരു സാക്ഷ്യപത്രം കൂടി പ്രസ്തുത ജനനം/മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനായി ആർ.ഡി.ഒ.ക്ക് നൽകേണ്ടതാണ്.

1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്, 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം 30 ദിവസത്തിനു ശേഷം റിപ്പോർട്ടു ചെയ്യുന്ന സംഭവങ്ങളുടെ രജിസ്ട്രേഷന് നിർദ്ദിഷ്ട അധികാരിയുടെ അനുമതി, ലേറ്റ് ഫീ എന്നിവയ്ക്കു പുറമേ ഒരു നോട്ടറി പബ്ലിക് അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെ നൽകിയ ഒരു സത്യവാങ്മൂലം ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. സർക്കാർ 21.09.1971 ലെ എസ്.ആർ.ഒ. 348/71 -ാം നമ്പരായി പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് സംസ്ഥാന സർക്കാരിലെ ക്ലാസ് 1, ക്ലാസ് 2 ഉദ്യോഗസ്ഥരെ ഇപ്രകാരമുള്ള സത്യവാങ്മൂലം അറ്റസ്റ്റ് ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളതാണ്. 8,9 വകുപ്പുകൾ പ്രകാരം ജനനം/മരണം റിപ്പോർട്ടു ചെയ്യുന്നതിന് ചുമതലപ്പെട്ടയാളാണ് സത്യവാങ്മൂലം നൽകേണ്ടത്. ജനനം/മരണം സംബന്ധിച്ച പൂർണ്ണമായ വിവരവും കാലതാമസത്തിനുള്ള കാരണവും വ്യക്തമാക്കുന്ന സത്യവാങ്മൂലം അപേക്ഷകൻ ഒരു നോട്ടറി പബ്ലിക് അല്ലെങ്കിൽ സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ മുമ്പാകെ ഒപ്പുവയ്ക്കേണ്ടതും ആയത് സാക്ഷ്യപ്പെടുത്തി വാങ്ങി അപേക്ഷയോടൊപ്പം അനുമതിക്കായി സമർപ്പിക്കേണ്ടതുമാണ്.

30 ദിവസത്തിനുശേഷം ഒരു വർഷത്തിനുള്ളിൽ രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷ ലഭിക്കുകയും ആയതിന് ഒരു വർഷം പൂർത്തീകരിച്ചതിന് ശേഷമാണ് ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭ്യമായതെങ്കിലും ആർ.ഡി.ഒ.യുടെ അനുമതി കൂടാതെ തന്നെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.



**അനാഥാലയങ്ങളിലും മറ്റ് ശിശുസംരക്ഷണ ഏജൻസികളിലും കഴിയുന്നതും അല്ലാത്തതുമായ കുട്ടികളെ നിയമാനുസരണം ദത്തെടുക്കുന്ന അവസരത്തിൽ ദത്തെടുക്കുന്ന മാതാപിതാക്കളുടെ (Adoptive Parents) പേര് ഉൾപ്പെടുത്തിയും ആവശ്യമെങ്കിൽ കുട്ടിയുടെ പേരിൽ മാറ്റം വരുത്തിയും സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്.**

ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ 1969-ലെ ജനന -മരണ രജിസ്ട്രേഷൻ നിയമത്തിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഇ) ഖണ്ഡം അനുസരിച്ച് നടത്തേണ്ടതാണ്. രജിസ്ട്രേഷൻ നടത്തുന്നതിനായി കുട്ടിയുടെ ദത്തെടുക്കൽ നടപടി വരെ കാത്തിരിക്കേണ്ടതില്ലാത്തതും യഥാസമയം ജനനം റിപ്പോർട്ടു ചെയ്യാത്ത പക്ഷം സെക്ഷൻ 23 പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

ജനനരജിസ്ട്രേഷനിൽ കുട്ടിക്ക് ഭാവിയിൽ അപമാനകരമായിത്തീരുന്ന രീതിയിൽ ജനനസ്ഥലം (അമ്മത്തൊട്ടിൽ, ഓർഫനേജ് തുടങ്ങിയവ) രേഖപ്പെടുത്താൻ പാടില്ല. ഇത്തരം കേസുകളിൽ സ്ഥലപ്പേര് മാത്രം രജിസ്ട്രേഷനിൽ ചേർത്താൽ മതിയാകുന്നതാണ്.

അനാഥാലയങ്ങളിലും മറ്റ് ശിശുസംരക്ഷണ ഏജൻസികളിലും കഴിയുന്നതും അല്ലാത്തതുമായ കുട്ടികളെ നിയമാനുസരണം ദത്തെടുക്കുന്ന അവസരത്തിൽ ദത്തെടുക്കുന്ന മാതാപിതാക്കളുടെ (Adoptive Parents) പേര് ഉൾപ്പെടുത്തിയും ആവശ്യമെങ്കിൽ കുട്ടിയുടെ പേരിൽ മാറ്റം വരുത്തിയും സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്. ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡോപ്റ്റീവ് പേരന്റ്സിന്റെ പേര് മാതാപിതാക്കളുടെ പേരായി ഉൾപ്പെടുത്തി നൽകേണ്ടതാണ്.

നിയമപരമായി ദത്തെടുത്ത കുട്ടിയുടെ ജനനം നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലോ ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലം ഉൾക്കൊള്ളുന്ന യൂണിറ്റിലോ അപേക്ഷ നൽകേണ്ടതാണ്. ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനതീയതിയും, മാതാപിതാക്കളുടെ സ്ഥിരതാമസസ്ഥലം ജനനസ്ഥലമായും രേഖപ്പെടുത്തി ജനനം രജിസ്റ്റർ ചെയ്തു നൽകേണ്ടതാണ്. ഇത്തരം കേസുകളിൽ കുട്ടിയുടെ പ്രായം തെളിയിക്കുന്നതിന് ഡി.എം.ഒ യുടെ സർട്ടിഫിക്കറ്റോ കാലതാമസം മാപ്പാക്കുന്നതിന് ബന്ധപ്പെട്ടവരുടെ അനുവാദമോ ആവശ്യപ്പെടാൻ പാടില്ല. എന്നാൽ നിയമാനുസൃതമുള്ള ലേറ്റ് ഫീസ് രജിസ്ട്രാർ ഈടാക്കേണ്ടതാണ്.

ജനന രജിസ്ട്രേഷനിൽ റിമാർക്സ് കോളത്തിൽ കോടതി ഉത്തരവിന്റെ നമ്പരും തീയതിയും കോടതിയുടെ പേരും രേഖപ്പെടുത്തേണ്ടതാണ്. ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിൽ കുട്ടിയുടെ യഥാർത്ഥ ജനന സ്ഥലം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലമോ മാതാപിതാക്കളുടെ താമസസ്ഥലമോ ജനന സ്ഥലമായി രേഖപ്പെടുത്താവുന്നതാണ്.

അംഗീകൃത ഏജൻസികളിൽ നിന്ന് ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിൽ രക്ഷാകർത്താവ് ആയിമാത്രം അംഗീകരിച്ചിട്ടുണ്ടെങ്കിലും ഗാർഡിയൻഷിപ്പ് എന്നു കാണിച്ച് ജനനം രജിസ്റ്റർ ചെയ്യാവുന്നതും സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷനായി അപേക്ഷ ലഭിച്ചാൽ പരമാവധി പത്തു ദിവസത്തിനകം എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഈ മാർഗനിർദ്ദേശങ്ങൾ, അനാഥമന്ദിരം, ശിശുക്ഷേമ കേന്ദ്രം തുടങ്ങിയ ഏജൻസികളിൽ നിന്നും ദത്തെടുക്കുന്ന ഗാർഡിയൻഷിപ്പ് ലഭിക്കുന്ന കുട്ടികളെ ഉദ്ദേശിച്ചിട്ടുള്ളതാണെങ്കിലും, സ്വന്തക്കാരിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷന്റെ കാര്യത്തിലും ഈ നിബന്ധന ബാധകമാണ്. ഇത്തരത്തിൽ ദത്തെടുക്കുന്ന കുട്ടിയുടെ ജനനം നേരത്തെ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സ്ഥലത്തെ മജിസ്ട്രേറ്റിന്റെ ഉത്തരവു പ്രകാരം ദത്തെടുത്ത മാതാപിതാക്കളുടെ പേര് ഉൾപ്പെടുത്തി രണ്ടാമത് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

ദത്തെടുത്ത മാതാപിതാക്കളുടെ സംരക്ഷണത്തിൽ വർഷങ്ങളായി കഴിയുന്നതും എന്നാൽ നിയമപരമായി ദത്തെടുത്തതായി തെളിയിക്കുന്ന രേഖകൾ ഇല്ലാത്തതുമായ സംഗതിയിൽ സർക്കാറിന്റെ 20.05.2013ലെ 17484/ RD3/13/തസ്വഭവ നമ്പർ സർക്കുലറിലെ വ്യവ

സ്ഥകൾക്ക് വിധേയമായി ജനനം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. എസ്.എസ്. എൽ.സി ബുക്ക്, വോട്ടർ ഐഡി കാർഡ്, എന്നിവ മുതിർന്ന കുട്ടികൾക്ക് മാത്രമേ ലഭ്യമാകൂവെന്നതിനാൽ മറ്റുകുട്ടികളുടെ കാര്യത്തിൽ നിയമപരമായി ദത്തെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

ഇൻഡ്യൻ പൗരൻമാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ ആക്ടിന്റെ 20-ാം വകുപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതനുസരിച്ച്, 1956ലെ സിറ്റിസൻസ് (ഇൻഡ്യൻ കോൺസുലേറ്റുകളിലെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇൻഡ്യൻ പൗരൻമാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള എല്ലാ ജനനവും മരണവും ഇൻഡ്യൻ കോൺസുലേറ്റുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ചട്ടം നിലവിൽ വരുന്നതിനു മുമ്പു നടന്ന ജനന-മരണങ്ങളും രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള വ്യവസ്ഥ മേൽപ്പറഞ്ഞ ചട്ടങ്ങളിലുണ്ട്. ഇൻഡ്യൻ കോൺസുലേറ്റുകളിലല്ലാതെ, വിദേശരാജ്യങ്ങളുടെ രജിസ്ട്രേഷൻ ആഫീസുകളിൽ നടത്തുന്ന ജനന-മരണ രജിസ്ട്രേഷനുകൾ ആക്ട് പ്രകാരം നടത്തിയതായി കണക്കാക്കപ്പെടുന്നതല്ല.

ഇൻഡ്യക്ക് വെളിയിൽ ജനിച്ച ഏതെങ്കിലും കുട്ടിയെ സംബന്ധിച്ച് 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടില്ലാത്ത സംഗതിയിൽ, കുട്ടിയുടെ മാതാപിതാക്കൾ ഇൻഡ്യയിൽ സ്ഥിരവാസമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി തിരിച്ചുവന്നാൽ, ആ കുട്ടി ഇൻഡ്യയിലെത്തിയ തീയതി മുതൽ 60 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തുന്നതിന് (2)-ാം ഉപവകുപ്പ് പ്രകാരം വ്യവസ്ഥയുണ്ട്. എന്നാൽ, രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം പരിഗണിക്കാതെ തന്നെ, ഇത്തരം എല്ലാ ജനനങ്ങളും മാതാപിതാക്കളുടെ ഇൻഡ്യയിലെ താമസസ്ഥലത്തെ



**കുട്ടിയുടെ പേരു ചേർക്കാതെ നടത്തുന്ന രജിസ്ട്രേഷനുകളിൽ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 14-ാം വകുപ്പും ചട്ടങ്ങളിലെ 10-ാം ചട്ടവും അനുസരിച്ചാണ് കുട്ടിയുടെ പേരു ചേർക്കേണ്ടത്. രജിസ്ട്രേഷൻ തീയതി മുതൽ ഒരു വർഷത്തിനകം കുട്ടിയുടെ പേരു ചേർക്കേണ്ടതും അതിനുശേഷം 5 രൂപ ലേറ്റ് ഫീ ഒടുക്കി പേരു ചേർക്കാവുന്നതുമാണ്.**

യൂണിറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് രജിസ്ട്രാർ ജനറൽ 5.7.95-ലെ 30 (1) (IN)/93VS (FR), 4.6.98-ലെ 1/5/97-VS (CRS RULES) നമ്പർ കത്തുകൾ മുഖേന അറിയിച്ചിട്ടുണ്ട്. ഇതിലേക്കായി കുട്ടിയുടെ ജനനം സംബന്ധിച്ച രേഖയോടൊപ്പം തങ്ങൾ ഇൻഡ്യയിൽ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്ന സത്യവാങ്മൂലം 100 (നൂറ്) രൂപയിൽ കുറയാത്ത മുഖവിലയുള്ള മുദ്രപ്പത്രത്തിൽ ഒപ്പിട്ട് മാതാപിതാക്കൾ ഹാജരാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം വിദേശത്തു നടന്ന ഒരു ജനനം ആ കുട്ടി ഇൻഡ്യയിലെത്തിയ തീയതി മുതൽ 60 ദിവസത്തിനകം രജിസ്റ്റർ ചെയ്തില്ലെങ്കിൽ പിന്നീട് 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 13(2), 13 (3) എന്നീ വകുപ്പുകൾ പ്രകാരം കുട്ടിയുടെ ജനനതീയതി മുതൽ ഒരു വർഷം വരെ നിർദ്ദിഷ്ട അധികാരിയുടെയും ഒരു വർഷത്തിനുശേഷം സബ് ഡിവിഷണൽ മജിസ്ട്രേട്ടിന്റെയും അനുമതിയോടെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

വിദേശത്തു നടക്കുന്ന മരണങ്ങളുടെ രജിസ്ട്രേഷൻ ഇൻഡ്യയിൽ നടത്താവുന്നതല്ല.

കുട്ടിയുടെ പേരു ചേർക്കാതെ നടത്തുന്ന രജിസ്ട്രേഷനുകളിൽ ജനന

മരണ രജിസ്ട്രേഷൻ നിയമത്തിലെ 14-ാം വകുപ്പും ചട്ടങ്ങളിലെ 10-ാം ചട്ടവും അനുസരിച്ചാണ് കുട്ടിയുടെ പേരു ചേർക്കേണ്ടത്. രജിസ്ട്രേഷൻ തീയതി മുതൽ ഒരു വർഷത്തിനകം കുട്ടിയുടെ പേരു ചേർക്കേണ്ടതും അതിനുശേഷം 5 രൂപ ലേറ്റ് ഫീ ഒടുക്കി പേരു ചേർക്കാവുന്നതുമാണ്. മാതാപിതാക്കളുടെ രേഖാമൂലമുള്ള സംയുക്താപേക്ഷ പ്രകാരമാണ് പേര് ചേർക്കേണ്ടത്. സംയുക്താപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ അതു വിലയിരുത്തി മാതാപിതാക്കളിൽ ഒരാളിന്റെയോ പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ കുട്ടിയുടെ തന്നെയോ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേരു ചേർക്കാവുന്നതാണ്. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത സംഗതിയിൽ നിയമാനുസൃത രക്ഷാകർത്താവിന്റെ അപേക്ഷ പ്രകാരം പേരു ചേർക്കാവുന്നതാണ്. മാതാപിതാക്കൾ വിവാഹബന്ധം വേർപെടുത്തിയ സംഗതികളിലും മാതാവ്/പിതാവ് ഉപേക്ഷിച്ചുപോയിട്ടുള്ള സംഗതികളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ/പിതാവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകാവുന്നതാണ്. പേര് ചേർക്കുമ്പോൾ, പേരിനൊപ്പം ഇനീഷ്യലോ, സ്ഥലപ്പേരോ, സർനെയിമോ ജാതിപ്പേരോ ഉണ്ടെങ്കിൽ നിർബന്ധമായും എഴുതേണ്ടതാണ്.

മാതാപിതാക്കളുടെ അറിവു കൂടാതെ പേര് ചേർത്തതായുള്ള പരാതികൾ ഒഴിവാക്കുന്നതിനായി പേര് ചേർക്കുന്നതിനുള്ള അപേക്ഷയോടൊപ്പം മാതാപിതാക്കളുടെ, കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പുകൂടി ഹാജരാക്കേണ്ടതാണ്.

ആറു വയസിനുശേഷമാണ് പേരു ചേർക്കുന്നതെങ്കിൽ മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനന തീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന സത്യവാങ്മൂലം മാതാപിതാക്കൾ സ്വയംസാക്ഷ്യപ്പെടുത്തി നൽകിയാൽ മതിയാകുന്നതാണ്.

**സ്കൂളിൽ ചേർന്ന ശേഷമാണ് ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർക്കുന്നതെങ്കിൽ സ്കൂൾരേഖയുടെ ശരിപകർപ്പ് കൂടി വാങ്ങേണ്ടതും ജനന രജിസ്ട്രേഷനിലെയും സ്കൂൾരേഖയിലെയും ജനന തീയതികൾ തമ്മിൽ പത്തു മാസത്തിലധികം വ്യത്യാസമുണ്ടെങ്കിൽ മാതാപിതാക്കളുടെ ജീവിച്ചിരിക്കുന്നതും മരിച്ചതുമായ എല്ലാ കുട്ടികളുടെയും ജനന തീയതി തെളിയിക്കുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതും ജില്ലാ ജനന മരണ രജിസ്ട്രാറുടെ അനുവാദം വാങ്ങേണ്ടതുമാണ്.**

മാതാപിതാക്കളുടെ താമസസ്ഥലത്തെ രജിസ്ട്രാറിൽ നിന്നുള്ള Identification Certificate, അന്വേഷണ റിപ്പോർട്ട് മുതലായവ ആവശ്യപ്പെടാൻ പാടില്ല.

സ്കൂളിൽ ചേർന്ന ശേഷമാണ് ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർക്കുന്നതെങ്കിൽ സ്കൂൾരേഖയുടെ ശരിപകർപ്പ് കൂടി വാങ്ങേണ്ടതും ജനന രജിസ്ട്രേഷനിലെയും സ്കൂൾരേഖയിലെയും ജനന തീയതികൾ തമ്മിൽ പത്തു മാസത്തിലധികം വ്യത്യാസമുണ്ടെങ്കിൽ മാതാപിതാക്കളുടെ ജീവിച്ചിരിക്കുന്നതും മരിച്ചതുമായ എല്ലാ കുട്ടികളുടെയും ജനന തീയതി തെളിയിക്കുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതും ജില്ലാ ജനന മരണ രജിസ്ട്രാറുടെ അനുവാദം വാങ്ങേണ്ടതുമാണ്. ജനന തീയതി തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്, ആശുപത്രി രേഖ തുടങ്ങിയ ജനന തീയതി രേഖപ്പെടുത്തിയിട്ടുള്ള ഏതൊരു രേഖകൾ സ്വീകരിക്കാവുന്നതാണ്. സ്കൂളിൽ ചേർന്ന ശേഷം പേര് ചേർക്കുന്നത് സ്കൂൾ രേഖയിലെപ്പോലെയാണ് എന്നതിനാൽ മാതാപിതാക്കളുടെ സംയുക്താപേക്ഷയോ തിരിച്ചറിയൽ രേഖയുടെ പകർപ്പോ നിർബ്ബന്ധമില്ല.

ജനന രജിസ്ട്രേഷനിൽ ആദ്യമായി പേര് ചേർക്കുമ്പോഴും മാതാപിതാക്കളുടെ പേര് രേഖപ്പെടുത്തുമ്പോഴും ആവശ്യമെങ്കിൽ സ്കൂൾ രേഖയിലോ മറ്റ് ഔദ്യോഗിക രേഖകളിലോ ഉള്ള പേരിലെ ഇനീഷ്യലിന്റെ വികസിതരൂപം സഹിതം പേരു ചേർക്കാവുന്നതാണ്.

ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയും മാതാപിതാക്കളുടെയും മരണ രജിസ്ട്രേഷനിൽ മരിച്ചയാളുടെയും മാതാപിതാക്കളുടെയും ഭർത്താവിന്റെയും ഔദ്യോഗിക രേഖകളിലെ പേരിനൊപ്പം സാധാരണ വിളിക്കുന്ന പേരു കൂടി രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട് ചേർക്കാവുന്നതാണ്. (ഉദാ: Chandrasekharan alias Kuttan)

1970 ഏപ്രിൽ 1-ാം തീയതിക്കു മുമ്പുള്ള ജനന രജിസ്ട്രേഷനുകളിൽ പേരു ചേർക്കുന്നതിന് ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. അനുമതിക്കുള്ള പ്രൊപ്പോ



സലുകളിൽ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. ചീഫ് രജിസ്ട്രാർക്കുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷകൾ (മാതാപിതാക്കളുടെയോ, പ്രായപൂർത്തിയായ സംഗതിയിൽ കുട്ടിയുടെയോ)
2. ജനന രജിസ്ട്രേഷന്റെ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്.
3. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് (സ്കൂൾ വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവരാണെങ്കിൽ അക്കാര്യം വ്യക്തമാക്കുന്ന സത്യവാങ്മൂലം)
4. പേര്/ജനന തീയതി തെളിയിക്കുന്ന രേഖ.
5. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനന തീയതി, സെക്സ്, ജനന ക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന സത്യവാങ്മൂലം.
6. ജനന-മരണ രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും ശുപാർശയും.

ജനന-മരണ രജിസ്ട്രേഷനുകളിൽ ജനന/മരണ സമയത്തുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് വ്യവസ്ഥയില്ല. എന്നാൽ, സെക്ഷൻ 14 പ്രകാരം, പേര് കൂടാതെ രജിസ്റ്റർ ചെയ്തിട്ടുള്ള ജനനങ്ങളിൽ പേരു ചേർക്കുന്നതിനും സെക്ഷൻ 15 പ്രകാരം, തെറ്റായ ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനും സാദ്ധ്യമാണ്. അതായത് കുട്ടിയുടെ/മരണപ്പെട്ടയാളുടെ പേര്, കുട്ടിയുടെ സെക്സ്, മാതാപിതാക്കളുടെ പേര്, മേൽവിലാസം തുടങ്ങി ഏതൊരു രേഖപ്പെടുത്തലുകളും 15-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുത്താവുന്നതാണ്. ജനനം ആശുപത്രിയിൽ വച്ച് നടന്നിട്ടുള്ള സംഗതികളിൽ ഗൈനക് രജിസ്റ്ററിന്റേയും ആശുപത്രി അധികൃതരുടെ തിരുത്തൽ കത്തിന്റേയും അടിസ്ഥാനത്തിൽ മാത്രം ജനനത്തീയതി 15-ാം വകുപ്പിന്റെ വ്യവസ്ഥകൾക്ക് വിധേയമായി തിരുത്താവുന്നതാണ്.

രജിസ്ട്രേഷനുകളിലെ ക്ലറിക്കൽ തെറ്റുകൾ രജിസ്ട്രാറുടെ നശ്രദ്ധയിൽപ്പെടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് ആവശ്യമായ തിരുത്തൽ വരുത്തേണ്ടതാണ്. അതായത്, ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (തെളിവുകൾ) ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്. പേരിലോ മറ്റു വിവരങ്ങളിലോ ഉള്ള അക്ഷരത്തെറ്റുകൾ, റിപ്പോർട്ടിലെ വിവരങ്ങൾ രജിസ്റ്ററിലേയ്ക്ക് പകർത്തിയതിൽ വന്നിട്ടുള്ള തെറ്റുകൾ എന്നിവ ഈ രീതിയിൽ തിരുത്താവുന്നതാണ്.

**രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് അപേക്ഷിക്കുന്ന കക്ഷി തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോദ്ധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ (Credible Persons) സത്യപ്രസ്താവന ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തേണ്ടതാണ്.**



രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് അപേക്ഷിക്കുന്ന കക്ഷി തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോദ്ധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ (Credible Persons) സത്യപ്രസ്താവന ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾക്കായി ബന്ധപ്പെട്ട കക്ഷികൾ രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവയ്ക്കു പുറമേ മേൽപ്പറഞ്ഞ പ്രകാരം രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷനും ഹാജരാക്കേണ്ടതാണ്. ഇവയുടെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ചും അന്വേഷണം നടത്തിയും ബോദ്ധ്യപ്പെട്ട് തിരുത്തലിനുള്ള അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതാണ്. ജനനം/മരണം നടന്ന സ്ഥാപനം നിലവിലില്ലാത്തതിനാലോ, മറ്റുകാരണങ്ങളാലോ തിരുത്തേണ്ട വസ്തുത സംബന്ധിച്ച തെളിവുകൾ(ആശുപത്രി ഗൈനക് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സ്കൂൾ രേഖ മുതലായവ) ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഈ വസ്തുത കൂടി വ്യക്തമാക്കുന്ന സത്യവാങ്മൂലം, രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ സഹിതം സമർപ്പിക്കുന്നത് പരിഗണിച്ച് ലഭ്യമായ രേഖകൾ പ്രകാരം തിരുത്തൽ അനുവദിക്കേണ്ടതാണ്. ഇപ്രകാരം തിരുത്തൽ വരുത്തുന്ന

തിനായി സമർപ്പിക്കുന്ന സത്യവാങ്മൂലമോ, രേഖകളോ വ്യാജ മാണെന്ന് പിന്നീട് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ പ്രസ്തുത വ്യക്തികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജനന സമയത്ത് ഒരു ഓമനപ്പേരിടുകയും അത് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ശരിയായ പേര് ചേർക്കു ന്നതിന് മാതാപിതാക്കൾ അപേക്ഷിച്ചാൽ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട് രജിസ്ട്രാർക്കു തന്നെ അത് അനുവദിക്കാവുന്നതാണ്. മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേരു ചേർ ത്ത കേസുകളിലും കുട്ടിയെ സ്കൂളിൽ ചേർ ക്കുന്നതിനു മുമ്പായി ഒരു പ്രാവശ്യം തിരുത്തൽ അനുവദിക്കാവുന്നതാണ്.

**സ്കൂൾ രേഖ ലഭ്യമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെ നിന്നും ലഭിക്കുന്ന സർ ട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒരു രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്ന താണ്. സ്കൂൾ രേഖയുടെ അടിസ്ഥാനത്തിൽ ഒരിക്കൽ തിരുത്തിയ പേര് വീണ്ടും തിരുത്താവുന്നതല്ല.**



ജനന രജിസ്ട്രേഷൻ സമയത്തോ അതി നുശേഷം കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടേ യും (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ) തെറ്റായ പേരു ചേർ ക്കുവാനിടയായ സാഹചര്യം വ്യക്തമാക്കുന്ന സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ, തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കു ന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീസ് ഈ ടാക്കി, സ്കൂൾരേഖയിലെ പോലെ തിരുത്തൽ വരുത്താവുന്നതാണ്. സർക്കാരിന്റെ 7-5-12ലെ 9748/RD3/12 നമ്പർ സർക്കുലർ പ്രകാരം ജന ന രജിസ്ട്രേഷനുകളിൽ കുട്ടിയുടെ പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് നൽകാമെന്ന് നിഷ് കർഷിച്ചിട്ടുണ്ട്.

മാതാപിതാക്കളുടെ വിളിപ്പേരോ തെറ്റായ പേരോ ചേർത്തിട്ടുണ്ടെങ്കിൽ മാതാപിതാക്ക ളുടെ സ്കൂൾരേഖയുടെയും അന്വേഷണത്തി ന്റെയും അടിസ്ഥാനത്തിൽ സ്കൂൾ രേഖയി ലേതു പോലെ തിരുത്താവുന്നതാണ്. സ്കൂൾ രേഖ ലഭ്യമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഒരു രേഖയുടെ അടിസ്ഥാന ത്തിൽ തിരുത്തൽ വരുത്താവുന്നതാണ്.

"സ്കൂൾ രേഖയുടെ അടിസ്ഥാനത്തിൽ ഒരിക്കൽ തിരുത്തിയ പേര് വീണ്ടും തിരുത്താ വുന്നതല്ല."

ജനന രജിസ്ട്രേഷനിൽ രേഖപ്പെടുത്തി യിട്ടുള്ള മാതാപിതാക്കളുടെ പേര് (ഇനിഷ്യൽ വികസിപ്പിക്കൽ, വിവാഹശേഷം ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർത്തി ട്ടുള്ള വിവരം, മേൽവിലാസത്തിലുണ്ടാകുന്ന അക്ഷരത്തെറ്റുകൾ എന്നിവ) തിരുത്തുന്നതിന് നോട്ടറി, രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥർ, വില്ലേജ് ആഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ സർക്കാറിന്റെ 31/05/2013 ലെ 50817/RD3/13 തസ്വഭവ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾക്കു വിധേയമായി അനുവദിക്കാ വുന്നതാണ്.

ജനനം നടക്കുമ്പോൾ മാതാപിതാക്കൾ താമസിക്കുന്ന വിലാസമാണ് ജനന രജിസ്ട്രേ ഷനിൽ ഉൾപ്പെടുത്തേണ്ടത്. ഇത് വേറൊരു വിലാസമായി തിരുത്താൻ പാടില്ല. എന്നാൽ

**ജനന രജിസ്ട്രേഷനിൽ ചേർത്തിട്ടുള്ള ഇനിഷ്യൽ/സർനെയിം എന്നിവ കൂടാതെയുള്ള പേര് സ്കൂൾ രേഖയിൽ ചേർക്കുകയും പിന്നീട് സ്കൂൾ രേഖയിൽ ഇനിഷ്യൽ/സർനെയിം ചേർക്കുന്നതിനായി രജിസ്ട്രേഷനിൽ ഇനി ഷ്യൽ/സർനെയിം ചേർക്കുന്നതിന് അപേക്ഷി ക്കുകയും ചെയ്യുന്ന സംഗതികളിൽ അത് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട് തിരുത്തൽ അനുവദിക്കാവുന്നതാണ്.**

അക്ഷരത്തെറ്റുകളും വിലാസത്തിലെ ഏതെങ്കിലും ഒരു ഭാഗം വിട്ടുപോയിട്ടുണ്ടെങ്കിലോ, അധികമായി ചേർത്തിട്ടുണ്ടെങ്കിലോ അവ ബോദ്ധ്യപ്പെട്ട്, രജിസ്ട്രാർക്കു തന്നെ തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ നീക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ, തെറ്റായ വിലാസം രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ കുട്ടിയുടെ ജനന സമയത്ത് പ്രാബല്യത്തിലുള്ള, മാതാപിതാക്കളുടെ വിലാസം വ്യക്തമാക്കുന്ന ഏതെങ്കിലും രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ അനുവദിക്കാവുന്നതാണ്. ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ആധാർകാർഡ് മറ്റ് സർക്കാർ അംഗീകൃത രേഖകൾ തുടങ്ങിയവ തെളിവായി സ്വീകരിക്കാവുന്നതാണ്.

ജനന രജിസ്ട്രേഷനിൽ ചേർത്തിട്ടുള്ള ഇനിഷ്യൽ/സർനെയിം എന്നിവ കൂടാതെയുള്ള പേര് സ്കൂൾ രേഖയിൽ ചേർക്കുകയും പിന്നീട് സ്കൂൾ രേഖയിൽ ഇനിഷ്യൽ/സർനെയിം ചേർക്കുന്നതിനായി രജിസ്ട്രേഷനിൽ ഇനിഷ്യൽ/സർനെയിം ചേർക്കുന്നതിന് അപേക്ഷിക്കുകയും ചെയ്യുന്ന സംഗതികളിൽ അത് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട് തിരുത്തൽ അനുവദിക്കാവുന്നതാണ്.

ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയാൽ അതിൻ പ്രകാരം ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയോ മാതാപിതാക്കളുടെയോ പേര് തിരുത്താവുന്നതല്ല. ജനന സർട്ടിഫിക്കറ്റിനൊപ്പം ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പും നോട്ടറി മുമ്പാകെയുള്ള സത്യവാങ്മൂലവും ചേർത്ത് നിയമപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് alias ചേർത്ത് നൽകാവുന്നതാണ്. കൂടാതെ കുട്ടിയുടെ ജനനത്തിന് മുമ്പ് മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപന പ്രകാരം തിരുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരം ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് ചേർത്ത് തിരുത്തൽ വരുത്തി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

തിരുത്തലുകൾ അനുവദിക്കുമ്പോൾ മുമ്പു വാങ്ങിയ സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങി റദ്ദാക്കേണ്ടതാണ്. എന്നാൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടു പോയതിനാലോ ഏതെങ്കിലും അധികാരി മുമ്പാകെ സമർപ്പിച്ചതിനാലോ തിരികെ നൽകാൻ സാധിക്കാതെ വന്നാൽ അക്കാര്യം വ്യക്തമാക്കി ഒരു നോട്ടറി പബ്ലിക്/ഗസറ്റഡ് ഓഫീസർ മുമ്പാകെ ഒപ്പിട്ട ഒരു സത്യവാങ്മൂലം ഹാജരാക്കിയാൽ മതിയാകും.

ജനന-മരണ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന-മരണ സർട്ടിഫിക്കറ്റുകൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് യഥേഷ്ടം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഇത്തരത്തിൽ ബാർക്കോഡോടു കൂടിയ കമ്പ്യൂട്ടർ പ്രിന്റഡ് സർട്ടിഫിക്കറ്റുകൾ എല്ലാ സർക്കാർ ആവശ്യങ്ങൾക്കും ആധികാരിക രേഖയാണ്. ഏതൊരാളും നിശ്ചിത ഫീസടച്ച് ആവശ്യപ്പെടുന്ന പക്ഷം എത്ര സർട്ടിഫിക്കറ്റ് വേണമെങ്കിലും നൽകാവുന്നതാണ്.

*(തുടരും)*



ജയചന്ദ്രൻ

# രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ)



രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പഞ്ചായത്തീരാജ് സംവിധാനത്തിലെ ഏറ്റവും താഴെ തട്ടിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങളും പദ്ധതികളും കൈമാറുന്നതിനുള്ള പ്രധാന പോരായ്മയായി സംസ്ഥാന സർക്കാരുകളും കേന്ദ്ര വകുപ്പുകളും എടുത്തുകാട്ടുന്നത് പഞ്ചായത്തുകളുടെ ദുർബലമായ കാര്യശേഷിയാണ്. പഞ്ചായത്തുകളുടെ ഭരണപരമായ ദൗർബല്യങ്ങളും പ്രധാന പോരായ്മയായി ചൂണ്ടിക്കാണിക്കുന്നു. പഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധനവിനും ശാക്തീകാരണത്തിനും അതുവഴി ജനാധിപത്യ വികേന്ദ്രീകരണവും ജനകീയ പങ്കാളിത്തവും ഉത്തരവാദിത്തവും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ (ആർ.ജീ.പി.എസ്.എ)

പഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും കാര്യശേഷി വർദ്ധനവ്, ഗ്രാമപഞ്ചായത്തുകളുടെ തീരുമാനങ്ങളിൽ കൂടിയ ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അധികാരവികേന്ദ്രീകരണം കൂടുതൽ പ്രാവർത്തികമാക്കുക, ഗ്രാമസഭകളിൽ സുതാര്യതയും ഉത്തരവാദിത്വ ബോധവും ഉറപ്പ് വരുത്തുക എന്നത് ഇതിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്.

### ഘടകങ്ങൾ

1. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തികൾ
2. സാങ്കേതിക സഹായത്തിനായി ദേശീയ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തികൾ.
3. ഭരണപരവും സാങ്കേതികവുമായ സഹായം
4 പഞ്ചായത്ത് ആസ്ഥാന മന്ദിരങ്ങൾ
5. ജനപ്രതിനിതികൾക്കും ഉദ്യോഗസ്ഥർക്കും വേണ്ടിയുള്ള കാര്യശേഷി വികസനവും പരിശീലനവും
6. സംസ്ഥാന, ജില്ലാ ബ്ലോക്ക് തലങ്ങളിൽ പരിശീലനത്തിനുള്ള സ്ഥാപന ശേഷി വികസനവും പരിശീലനവും
7. ഉപഗ്രഹാദിഷടിത വിദൂര പഠന സംവിധാനങ്ങൾ .
8. പഞ്ചായത്തുകളുടെ സാങ്കേതിക പുരോഗതി.
9. വരുമാനശേഷി കുറവുള്ള പഞ്ചായത്തുകൾക്ക് നടപടിക്രമങ്ങൾക്കുള്ള സഹായം
10. വടക്കുകിഴക്കൻ സംസ്ഥനങ്ങളിലെയും പിന്നോക്ക പ്രദേശങ്ങളിലെയും ഗ്രാമ സഭകൾക്കുള്ള പ്രത്യേക സഹായങ്ങൾ
11. പ്രോഗ്രാം മാനേജ്മന്റ്
12. ആശയവിനിമയം, ബോധവല്കരണവും
13. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റ ശാക്തീകരണം
14. സംസ്ഥാനങ്ങൾക്കുള്ള നൂതന പദ്ധതികൾ

### പദ്ധതി നടപ്പാക്കൽ

കേരളത്തിൽ (ആർ .ജീ .പി. എസ്. എ) 2013-14 മുതൽ നടപ്പാക്കി വരുന്നു. 2013-14 മുതൽ ഉള്ള പദ്ധതി വിഹിതത്തിന്റ വിവരങ്ങൾ ചുവടെ ചേർക്കുന്നു




രൂപ ലക്ഷത്തിൽ

| വർഷം | അംഗീകരിച്ച അടങ്കൽ തുക | ലഭിച്ച തുക | ചെലവാക്കിയ തുക |
|---|---|---|---|
| 201314 | 4422.36 | 1658.38 | 1576.90 |
| 201415 | 6035.49 | 1449.12 | 853.43 |
| 201516 | 1054.72 | ഇല്ല | ഇല്ല |

## പഞ്ചായത്ത് ആസ്ഥാന മന്ദിരങ്ങൾ

ഈ ഘടക പദ്ധതിയിൽ ഉൾപ്പടുത്തി 2013-14 ൽ 66 ഗ്രാമ പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിട നവീകരണത്തിനും, കുടി വെള്ളം, വൈദ്യുതികരണം, ശൗചാലയ നിർമാണം എന്നിവയ്ക്കായി 3 ലക്ഷം രൂപ വീതം നല്കുകയുണ്ടായി. 2014-15 ൽ 11 ഗ്രാമ പഞ്ചായത്തുകൾക്ക് പുതിയ ഓഫീസ് കെട്ടിടം നിർമിക്കുന്നതിനായി 15 ലക്ഷം രൂപ വീതവും, നിലവിലുള്ള ഓഫീസ് കെട്ടിടങ്ങളിൽ കുടി വെള്ളം, വൈദ്യുതി, റാമ്പ്, ടോയ്‌ലറ്റ് എന്നിവയുടെ നിർമമാണത്തിനായി 3 ലക്ഷം രൂപ വീതം 34 പഞ്ചായത്തുകൾക്ക് നൽകി.

## കാര്യശേഷിവികസനവും പരിശീലനവും

ഈ ഘടക പദ്ധതിയിൽ വിവിധ പരിശീലന പരിപാടികൾ നടപ്പാക്കുന്നതിനായി കിലയ്ക്ക് 2013-14ൽ 12 കോടി രൂപയും 2014-15 ൽ 1.25 കോടി രൂപയും നൽകി. ഈ തുക ഉപയോഗിച്ച് കില താഴെ പറയുന്ന പരിശീലന പരിപാടികൾ നടത്തുകയുണ്ടായി.

1 പഞ്ചായത്തീ രാജുമായി ബന്ധപ്പട്ട വിവിധ നിയമങ്ങളിലെ പരിശീലനം.

2 സേവാ ഗ്രാമ കേന്ദ്രങ്ങൾ സംബന്ധിച്ചുള്ള പരിശീലനം.

3 കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതികളും തമ്മിൽ ക്രോഡീകരിക്കുന്നതിലുള്ള പരിശീലനം.

4 വിവരാവകാശ നിയമം സംബന്ധിച്ചുള്ള പരിശീലനം.

5 ഓഫീസ് അസിസ്റ്റന്റ്മാർക്കുള്ള പരിശീലനം.

6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാക്ഷരത മിഷൻ നടപ്പക്കുന്നതിനുള്ള പരിശീലനം.

7 മാതൃകാപദ്ധതിയായ കുപ്പം നദീ സംരക്ഷണ പദ്ധതി പ്രചരിപ്പിക്കുന്നതിനുള്ള പരിപാടി.

8 ജനപ്രതിനിധികൾക്ക് വേണ്ടിയുള്ള അന്യസംസ്ഥാന സന്ദർശന പരിപാടികൾ.

മേൽ പറഞ്ഞ പരിപാടികൾ കൂടാതെ SIRD കൊട്ടാരക്കര വഴിയും വിവിധ പരിശീലന പരിപാടികൾ നടപ്പാക്കുകയുണ്ടായി ഇതിനായി SIRD യ്ക്ക് 2013-14 ൽ 15 ലക്ഷം രൂപയും 2014-15 ൽ 75 ലക്ഷവും നൽകി.

## സ്ഥാപന ശേഷി വർദ്ധിപ്പിക്കൽ

2014-15ൽ ഒരു ജില്ലയിലെ രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് എന്ന കണക്കിൽ 28 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബ്ലോക്ക് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപ വീതം അനുവദിച്ചു.

## ഉപഗ്രഹാധിഷ്ഠിത വിദൂര പഠന സംവിധാനം

ഈ ഘടക പദ്ധതിയ്ക്ക് കീഴിൽ കേരള സംസ്ഥനം മാത്രകയായി നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് സംസ്ഥാനത്ത് ഉടനീളം സ്ഥാപിക്കുന്ന virtual class rooms ഇതിനായി ഓരോ ജില്ലയിലും രണ്ടു വീതം മൊത്തം 28 ബ്ലോക്ക് പഞ്ചായത്തുകളിൽ ട്രെയിനി നോടുകളും സംസ്ഥാനതിന്റ വിവിധ ഭാഗങ്ങളിലായി 5 ട്രെയിനർ നോടുകളും സ്ഥാപിച്ചുവരുന്നു.

ഈ പദ്ധതി നടപ്പാക്കികഴിയുന്നതും ഇപ്പോൾ കിലയിലും എസ്.ഐ.ർ.ഡിയിലും കേന്ദ്രികൃതമായി നടപ്പാക്കികൊണ്ടിരിക്കുന്ന പല കാര്യശേഷി വികസന പരിപാടികളും





പരിശീലന പരിപാടികളും വികേന്ദ്രീകൃതമായി നടപ്പാക്കാൻ സാധിക്കും. ട്രെയിനി നോടുകളിൽ നിന്ന് നടത്തുന്ന പരിശീലന പരിപാടികൾ ഒരു ക്ലാസ്സ് മുറിയിൽ എന്നപോലെ സംസ്ഥാനത്തിന്റെ വിവിധ ട്രൈനീ നോടുകളിൽ ഇരുന്നു പരിശീലനാർഥികൾക്ക് പങ്കെടുക്കാൻ സാധിക്കും ഇതിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. ജനപ്രധിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഉള്ള പരിശീലന പരിപാടികൾ വികേന്ദ്രീകൃതമായി നടപ്പാക്കുക.
2. പരിശീലകന് വിദൂര സ്ഥലങ്ങളിൽ ഇരിക്കുന്ന പരിശീലനാർഥികളുമായി വീഡിയോ കോൺഫെറൻസിംഗ്ലൂടെ ഫലപ്രധമായി ആശയവിനിമയം നടത്താൻ സാധിക്കും
3. പരിശീലന പരിപാടികൾ വിദൂര സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ സാധിക്കും.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവുകളും മാതൃകാപദ്ധതികളും മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് എളുപ്പത്തിൽ പ്രചരിപ്പിക്കാൻ സാധിക്കും.
5. ശില്പശാലകളും, ചർച്ചകളും, പരിശീലന കളരികളും കൂടുതൽ പങ്കാളിത്തത്തോടെ നടത്താൻ സാധിക്കും.
6. വിദഗ്ധരായ പരിശീലകരുടെ കുറവ് തരണം ചെയ്യാൻ കഴിയും.
7. പരിശീലനാർഥിയുടെ യാത്രയും അതിനുള്ള ചെലവും കുറയ്ക്കാൻ സാധിക്കും.
8. പരിശീലന മികവിന്റെ ചോർച്ച തടയാൻ സാധിക്കും.

### വരുമാനശേഷി കുറവുള്ള പഞ്ചായത്തുകൾക്ക് ഉള്ള സഹായം

ഈ ഘടകത്തിനു കീഴിൽ 2013-14 ൽ 90 ഗ്രാമ പഞ്ചായത്തുകൾക്ക് 50000 രൂപ വീതം സഹായധനം അനുവധിക്കുകയുണ്ടായി.

### പ്രോഗ്രാം മാനേജ്മന്റ് യൂണിറ്റ്

പദ്ധതിയുടെ നടത്തിപ്പിന് പഞ്ചായത്ത് വകുപ്പിനെ സഹായിക്കുന്നതിനുമായി പഞ്ചായത്ത് ഡയറ്കടറേറ്റലും ജില്ലാതല ഡെപ്യൂട്ടി ഡയറ്കടർമാരുടെ ആസ്ഥാനത്തും എം ഐ എസ് സ്പെഷിലിസ്റ്റുകളെയും മറ്റ് വിദഗ്ധരെയും ഉൾപെടുത്തി പ്രോജക്റ്റ് മാനേജ്മന്റ് യൂണിറ്റ് രുപീകരിച്ചിട്ടുണ്ട്.

### സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ശാക്തീകരണം

2013-14 ലെ പദ്ധതിയിൽ ഇലക്ട്രോണിക് വോട്ടിംഗ് മിഷീനുകൾ വാങ്ങുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ്കമ്മീഷനു 1 കോടി രൂപ നൽകുകയുണ്ടായി.

2014-15ൽ താഴെ പറയുന്ന പ്രവർത്തികൾക്കായി സംസ്ഥാന തിരഞ്ഞെടുപ്പ്കമ്മീഷനു 45 ലക്ഷം രൂപ നല്കുകയുണ്ടായി.

1. ഇലക്ട്രൽ റോൾ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (ERMIS) ഉണ്ടാക്കുന്നതിനായി 10 ലക്ഷം രൂപ.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊളിറ്റിക്കൽ മാപ്പ് നിർമിക്കുന്നതിനു 15 ലക്ഷം രൂപ.
3. തിരഞ്ഞെടുപ്പ് പൂർവ ബോധവൽകരണ പരിപാടികൾക്ക് 20 ലക്ഷം രൂപ.

### നൂതന പദ്ധതികൾ

ഈ ഘടകത്തിൽ ഉൾപെടുത്തി 2013-14 ൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന് തദ്ദേശ ആസൂത്രണവും ആരോഗ്യ രംഗവുമായി ബന്ധപെട്ടിട്ടുള്ള പഠനത്തിനു 9.55 ലക്ഷം രൂപ നൽകി. ◆

*RGPSA ടീം ലീഡറാണ് ലേഖകൻ*



# ചെന്നൈ വെള്ളപ്പൊക്ക ദുരിത ബാധിതർക്ക് പഞ്ചായത്ത് ജീവനക്കാരുടെ സഹായ ഹസ്തം

ചെന്നൈയിലെ വെള്ളപ്പൊക്ക ദുരന്തത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ ധനസഹായം നൽകി. പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരിൽ നിന്നും സമാഹരിച്ച ഒരു ലക്ഷത്തി അറുപത്തി അയ്യായിരത്തി അഞ്ഞൂറു രൂപ തമിഴ്നാട് മുഖ്യമന്ത്രിയുടെ റിലീഫ് ഫണ്ടിലേക്ക് നൽകിയാണ് കേരളത്തിലെ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ മാതൃകയായത്. പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീറിന്റെ സാന്നിധ്യത്തിൽ പഞ്ചായത്ത് ഡയറക്ടർ സി.എ.ലത ഐ.എ.എസ്, കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് ഡി.ഡി കൈമറുകയായിരുന്നു. പഞ്ചായത്ത് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി സി.എം.ഷെരീഫ്, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി എം.പി.ജാഫർ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എസ്. ലത, ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ കെ.പി.സാബുക്കുട്ടൻ നായർ, പബ്ലിസിറ്റി ഓഫീസർ ജെ.അജ്മൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ◆



# നാദാപുരം ഗ്രാമപഞ്ചായത്ത് ജനസേവന പാതയിൽ

കോഴിക്കോട് ജില്ലയുടെ വടക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന കൃഷിക്കും വ്യാപാരത്തിനും ഒരു പോലെ പ്രാധാന്യമുള്ള ഒരു ഗ്രാമപഞ്ചായത്താണ് നാദാപുരം ഗ്രാമപഞ്ചായത്ത്. 4000 ഓളം ചതുരശ്രഅടി വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 2011 ലെ സെൻസസ് അനുസരിച്ച് 42411 ആണ്. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലം കൂട്ടായ്മയിലൂടെ നാദാപുരം ഗ്രാമപഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ അനവധിയാണ്. 2013-14 ലെ കേരള സംസ്ഥാനത്തിലെ ഏറ്റവും മികച്ച മൂന്നാമത്തെ പഞ്ചായത്തായി നാദാപുരം ഗ്രാപമഞ്ചായത്ത് തല യുയർത്തി നിന്നു. അതിനു മുമ്പ് ആറ് വർഷക്കാലം തുടർച്ചയായി കോഴിക്കോട് ജില്ലയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായ ത്തിനുള്ള സ്വരാജ് ട്രോഫി നാദാപുരം ഗ്രാമ പഞ്ചായത്തിന് സ്വന്തമായിരുന്നു. ഇച്ഛാശക്തിയുള്ള ഭരണസമിതിയും കർമ്മ നിരതരായ ഉദ്യോഗസ്ഥരും സഹ കരണ മനോഭാവമുള്ള ജനതയ്ക്കും ഒപ്പം മുമ്പിൽ നയിക്കാൻ ഊർജ്ജസ്വല നായ പ്രസിഡണ്ടും ഉള്ളതാണ് നേടിയെടുത്ത വിജയത്തിന്റെ അടിസ്ഥാനം.

ജനസേവനമാണ് ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വലിയ ലക്ഷ്യം. ജനനം മുതൽ മരണം വരെ ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ആവശ്യ ങ്ങൾക്ക് ജനങ്ങൾ ഗ്രാമപഞ്ചായത്തിനെ ആശ്രയിക്കുന്നു. രാഷ്ട്ര പിതാവായ മഹാത്മജി പറഞ്ഞിട്ടുള്ളത്, 'സേവിക്കാനുള്ള അവസരം തന്നതിൽ ജനത്തി നോട് നാം കട പ്പെട്ടിരിക്കുന്നു' എന്നാണ്. മികച്ച സേവനം നൽകുക എന്നത് ഏറെ ശ്രമകരമാണ് എന്നിരിക്കെ സേവനത്തിനുള്ള അന്താരാഷ്ട്ര നിലവാരമായ ISO-9001:2008 അവാർഡ് നേടിയ കേരളത്തിലെ ഗ്രാമപഞ്ചായത്തു കളിൽ ഒന്നായി നാദാപുരം ഗ്രാമപഞ്ചായത്ത് മാറിയപ്പോൾ ഞങ്ങൾക്കത് അഭിമാനവും ആഹ്ലാദവും ഒപ്പം അംഗീകാര വുമായി മാറി.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് മറ്റെല്ലാറ്റിനേയും പോലെ പ്രാധാന്യമുള്ളതാണ് ഭൗതിക പാശ്ചാത്തല സൗകര്യ വികസനം എന്നുള്ളത്. നാദാപുരം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിന്റെ ഹൃദയഭാഗത്തായി കല്ലാച്ചി ടൗണിനോട് ചേർന്ന് നാല് നിലകളിലായി 4000 ഓളം ചതുരശ്ര അടി വിസ്തൃതിയിലുള്ള വിശാലമായ ഓഫീസ് സൗകര്യ മുണ്ട്. ഇത്രയും സൗകര്യമുള്ള ഗ്രാമപഞ്ചായത്ത് കാര്യാലയം കേരളത്തിൽ തന്നെ ചുരുക്കമാണ്. കൂടാതെ കേരളത്തിൽ ആദ്യമായി 10 ലക്ഷം രൂപ ഉപയോഗിച്ച് തൊഴിലുറപ്പ് പദ്ധതിക്കായി രാജീവ് ഗാന്ധി സേവാഘർ പൂർത്തിയാക്കി. മൂന്ന് കോടി രൂപ ചെലവിൽ നിർമ്മിച്ച് ഈയ്യിടെ ഉദ്ഘാടനം ചെയ്യപ്പെട്ട നാദാപുരം ഗ്രാമപഞ്ചായത്ത് - ഇൻഡോർ സ്റ്റേഡിയം കേരളത്തിലെ മറ്റൊരു പഞ്ചായത്തിനും അവകാശപ്പെടാനാവാത്തതാണ്. ചേലക്കാട് മിനിസ്റ്റേഡിയം ഗ്രാമപഞ്ചാ




യത്ത് കാര്യാലയത്തോട് ചേർന്ന് രണ്ടേ മുക്കാൽ കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നാദാപുരം ഗ്രാമപഞ്ചായത്ത് - കല്യാണ മണ്ഡപത്തിന്റെ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു. ഗ്രാമപഞ്ചായത്തു കളിലെ രണ്ട് ഗവ:യു.പി സ്കൂളുകൾക്ക് 2 കോടി രൂപയുടെ കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തിയായി വരുന്നു. ഇതിനൊക്കെ പുറമെ വർഷാവർഷം പദ്ധതി വിഹിതം ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളാൽ ഉൾനാടൻ പ്രദേശത്ത് പോലും മികച്ച ഗതാഗത സൗകര്യമൊരുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൗതിക പാശ്ചാത്തല സൗകര്യവികസനത്തിന്റെ കാര്യത്തിൽ നാദാപുരം ഗ്രാമപഞ്ചായത്ത് മറ്റ്ഏതൊരു ഗ്രാമപഞ്ചായത്തിനെക്കാളും ഒരു പണത്തൂക്കം മുന്നിലാണ്.

നാദാപുരം ഗ്രാമപഞ്ചായത്തിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഉണ്ട്. വിവിധ ആവശ്യങ്ങൾക്കായി വരുന്നവർക്ക് ഇരിക്കാനുള്ള സൗകര്യം, കുടിവെള്ളം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം, വികലാംഗർക്കുള്ള റാംമ്പ്, ടെലി വിഷൻ, ക്രമത്തിൽ വിളിക്കുന്നതിനായുള്ള ടോക്കൺ സമ്പ്രദായം മുതലായ എല്ലാ സൗകര്യങ്ങളും ശരിയാംവണ്ണം ചെയ്തിട്ടുണ്ട്. സേവന സന്നദ്ധരായ ജീവനക്കാരുടെ കൂട്ടായ്മയും അർപ്പണ ബോധവും പഞ്ചായത്തിന്റെ വികസന ത്തിന് നല്ല പങ്ക് വഹിക്കുന്നു. മുഴുവൻ ജീനക്കാർക്കും കമ്പ്യൂട്ടർ സൗക ര്യവും, ഗ്രാമപഞ്ചായത്തിനായി തയ്യാറാക്കിയ എല്ലാ സോഫ്റ്റ് വെയറുകളും പഞ്ചായത്തിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജനന മരണ വിവാഹ രജിസ്ട്രേഷൻ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്.

മികച്ച റെക്കോർഡ് റൂം എന്നത് ഏതൊരു ഗ്രാമപഞ്ചായത്ത് കാര്യാലയ ത്തിന്റെയും സ്വപ്നമാണ്. മുൻകാല ഫയലുകളും രജിസ്റ്ററുകളും നോക്കി യെടുക്കുന്നതിന് വേണ്ടി നാം പാഴാക്കുന്ന സമയം എത്രയാണ്? നാദാപുരം ഗ്രാമപഞ്ചായത്തിന് ഐ എസ് ഒ സർട്ടിഫിക്കറ്റ് നേടുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ പൂർണ്ണ സഹകരണത്തോടെ കലാകാലങ്ങളായുള്ള ഫയലുകളും രജിസ്റ്ററുകളും കൃത്യമായും വൃത്തിയായും സൂക്ഷിച്ചിട്ടുണ്ട്. ഏത് വർഷത്തെ ഫയലും രജിസ്റ്ററും എളുപ്പം തെരെഞ്ഞെടുക്കാൻ കഴിയുന്നത് ജീവനക്കാർക്ക് മാത്രമല്ല ഗുണഭോക്താക്കൾക്കും ഒരു പോലെ ആശ്വാസ കരമാണ്.

കഴിഞ്ഞ വർഷം നാദാപുരം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടു. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ആനുകൂല്യങ്ങൾ എത്തിച്ചതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പാർശ്വവത്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തോട് ചെയ്യേണ്ടിയിരുന്ന വലിയ കടമയും ഉത്തരാവദിത്ത്വവും നാം നിർവ്വഹിച്ചു. ഏകദേശം 3000 ൽ അധികം പേർക്ക് വിവിധ ക്ഷേമപെൻഷനുകൾ ഇന്ന് ലഭിച്ചുവരുന്നു.

ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമിട്ടുകൊണ്ട് നാദാപുരം ഗ്രാമപഞ്ചായത്തിൽ ശക്തവും വിപുലവുമായ കുടുംബശ്രീ സംവിധാനം പ്രവർത്തിക്കു ന്നുണ്ട്. സ്ത്രീ ശാക്തികരണത്തോടൊപ്പം സാമൂഹിക സാമ്പത്തിക വികസനത്തിൽ സ്ത്രീകൾ പങ്കാളികളാവുക എന്ന മഹത്തായ ലക്ഷ്യം കൂടി ഇതിനാൽ സാധൂകരിക്കപ്പെടുന്നു. ഇന്ന് 400 ൽ അധികം കുടുംബശ്രീ അയൽ ക്കൂട്ടങ്ങളിലായി 6000 ൽ അധികം സ്ത്രീകൾ ഒരുമിക്കുന്ന, ചെറുതും വലുതുമായ ഒട്ടനവധി പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്ന ഒരു മഹാ പ്രസ്ഥാനമായി നാദാപുരം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ മാറിയിരി ക്കുന്നു.



വൃത്തിയും ശുചിത്വവും ഉള്ള ഒരു ചുറ്റുപാടിനു മാത്രമേ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കാൻ കഴിയുകയുള്ളു. മിക്ക പ്രാദേശിക ഭരണ കൂടങ്ങളും ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ് ഖരമാലിന്യ സംസ്കരണം. ഇവിടെ ആണ് മാലിന്യ സംസ്കരണത്തിലെ നാദാപുരം മോഡൽ പ്രസ്ക്തമാവുന്നത്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള ടൗണുകളിൽ നിന്നുമുള്ള ഖരമാലിന്യ ങ്ങൾ ശേഖരിച്ച് മാലിന്യ സംസ്കരണ പ്ലാന്റിൽ എത്തിച്ച് ജൈവ അജൈവ മാലിന്യങ്ങളായി വേർതിരി ക്കുന്നു. മാലിന്യം ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനുമായി ഏതാണ്ട് 20 ഓളം തൊഴിലാളികൾ ദിവസവും ജോലി ചെയ്യുന്നു. ജൈവമാലിന്യങ്ങൾ വളമായി മാറ്റുകയും അജൈവമാലിന്യങ്ങൾ പുന:സംക്രമണത്തിനായി നൽകുകയുമാണ് ചെയ്യുന്നത്.

പഞ്ചായത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമുളള ആരോഗ്യ ശുചിത്വ സമിതിക്കാണ് ഇതിന്റെ പൂർണ്ണ ചുമതല. ജൈവ വളം കൃഷി വകുപ്പ് മുഖേന കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുന്നു. പദ്ധതി വിഹിത ത്തിന് പുറമെ വ്യാപാരി വ്യവസായികളുടെ പങ്കാളിത്തം എന്ന നിലയിൽ പ്രതി മാസം ഏകദേശം 50000 രൂപ ശുചിത്വ സമിതി ശേഖരിക്കുന്നു. എല്ലാ വ്യപാര സ്ഥാപനങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കുന്നുണ്ട്. പ്രതി മാസം ശരാശരി ഈ പദ്ധതിക്കായി ഒന്നരലക്ഷം രൂപ ചെലവ് പ്രതീക്ഷീക്കുന്നു. മികച്ച ഭരണകൂടങ്ങൾ പോലും പരാജയപ്പെട്ട ഈ മേഖലയിലാണ് ഒട്ടേറെ പുരസ്കാരങ്ങളും വിവിധ തുറകളിൽ നിന്നുളള പ്രശംസകളും നേടിയ നാദാപുരം ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ പദ്ധതി മറ്റുളളവർക്ക് പോലും മാതൃകയാവുന്നത്

ഒരു ഗ്രാമപഞ്ചയത്തിന്റെ നേട്ടകോട്ടങ്ങൾ നമുക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് പരാമർശങ്ങളിലൂടെ വീക്ഷിക്കാൻ കഴിയും. 1992–93 മുതൽ 2011–12 വർഷം വരെയുളള, കഴിഞ്ഞ 20 വർഷത്തെ ഏകദേശം മുന്നൂറോളം ഓഡിറ്റ് പരാമർശങ്ങളിൽ എൺപത് ശതതമാനവും കഴിഞ്ഞ വർഷം നടന്ന ഓഡിറ്റ് അദാലത്തിലൂടെ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഒരു ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെയും, സമൂഹത്തിന്റെയും ക്ഷേമത്തിന് വേണ്ടി തുക ചെലവഴിക്കുന്നതുപോലെ പ്രധാനപ്പെട്ടതാണ് ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട നികുതികളും, ഫീസു കളും പിരിച്ചെടുക്കുക എന്നുളളതും. ഗ്രാമപഞ്ചായത്തിൽ കെട്ടിട നികുതിയിന ത്തിൽ ഏകദേശം 60 ലക്ഷം രൂപയും തൊഴിൽ നികുതിയിനത്തിൽ ഏക ദേശം 50 ലക്ഷം രൂപയും വാടകയിനത്തിൽ 20 ലക്ഷം രൂപയും ലൈസൻസ് ഫീസായി 10 ലക്ഷം രൂപയും മാർക്കറ്റ് ഫീസിനത്തിൽ 8 ലക്ഷം രൂപയും അടക്കം ഏകദേശം കഴിഞ്ഞ വർഷം 2 കോടി രൂപ തനത് ഫണ്ടിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. നികുതി, ഫീസ്, എന്നീ ഇനങ്ങളിൽ ഇത്രയും വലിയ തുക പിരിച്ചെടുക്കാനുണ്ടായിട്ടും കഴിഞ്ഞ മൂന്ന് വർഷവും നികുതി പിരിവ് നൂറ്ശതമാനം കൈവരിച്ചു എന്നത് ഏറെ ശ്ലാഘനീയമാണ് ഇവിടെയാണ് പഞ്ചായത്തിനോടൊപ്പം നിൽക്കുന്ന ഇവിടുത്തെ ജനങ്ങളുടെ സഹകരണ മനോഭാവവും പ്രസക്തമാവുന്നത്.

നാദാപുരം ഗ്രാമപഞ്ചായത്തിലെ കഴിഞ്ഞകാലവർഷങ്ങളിലെ വികസന പദ്ധതികളിലൂടെ സമൂഹത്തിന്റെ എല്ലാ തുറകളിലും എല്ലാ വിഭാഗം ജനങ്ങ ളിലും വികസനത്തിന്റെയും മാറ്റത്തിന്റെയും സന്ദേശം എത്തിക്കുകയും കൈവരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം മാത്രം പദ്ധതി വിഹിത മായി ലഭിച്ച ഒന്നേകാൽ കോടിയും, മെയിന്റനൻസ് ഗ്രാന്റായി ലഭിച്ച ഒരു കോടിയും ഫൈനാൻസ് കമ്മീഷൻ ഗ്രാന്റായി ലഭിച്ച 60 ലക്ഷം രൂപ മുത ലായവ എല്ലാം കൂടി ഏകദേശം 4 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ഇതിൽ നൂറ് ശതമാനവും ചെലവ് ചെയ്യാൻ കഴിഞ്ഞത് നിശ്ചയദാർഢ്യത്തിന്റെയും കഠിന പ്രയത്നത്തിന്റെയും ഒത്തൊരുമയുടെയും ഫലമായിട്ടാണ്.

സമൂഹത്തിന്റെ എല്ലാ തുറകളിലും വികസനത്തിന്റെ മാറ്റൊലി കേൾപ്പിച്ച നാദാപുരം ഗ്രാമപഞ്ചായത്ത് ശക്തമായ ഭരണ നേതൃത്വത്തിന്റേയും കർമ്മനിരതരായ ജീവനക്കാരുടെയും കൂട്ടായ്മയിൽ കൂടുതൽ ഉയരങ്ങളിലേക്കും വിജയങ്ങളിലേക്കും ഉള്ള മഹാ പ്രയാണത്തിലാണ്. അതേ – ഞങ്ങൾ മത്സരിക്കുന്നത് മറ്റാരോടുമല്ല ഞങ്ങളോട് തന്നെയാണ്. ◆

*നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് ലേഖനം തയ്യാറാക്കിയത്*



# പദ്ധതി നിർവ്വഹണത്തിൽ ചെമ്പിലോട് മാതൃക

അധികാര വികേന്ദ്രീകരണ പ്രസ്ഥാനം ആരംഭിച്ചത് മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വലിയ അധികാരങ്ങളും ചുമതലകളും കൈവന്നതിന്റെ ഫലമായി മികച്ച ഒരു പ്രാദേശിക സർക്കാറായി മാറുന്നതിന് ചെമ്പിലോട് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിരിക്കുന്നു. പ്രാദേശക സർക്കാരുകൾ സാമ്പത്തിക വികസന സ്ഥാപനങ്ങളായി എന്നതിലുപരി സദ്ഭരണ സ്ഥാപനങ്ങളായും മാറേണ്ടതുണ്ട് എന്ന ഉത്തമ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നതിന്റെ ഫലമായി 2011-12, 2012-13 എന്നീ വർഷങ്ങളിലെ ഇന്ത്യയിലെ മികച്ച പഞ്ചായത്തുകൾക്ക് നൽകുന്ന രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരണ പുരസ്ക്കാരവും 2012-13.2013-14 വർഷങ്ങളിലെ മികച്ച പഞ്ചായത്തുകൾക്ക് നൽകുന്ന സംസ്ഥാന സർക്കാരിന്റെ സ്വരാജ് ട്രോഫിയിൽ 2 ാം സ്ഥാനവും നേടുന്നതിന് ചെമ്പിലോട് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ 20.99 ച.കിമി വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ ഇരിവേരി, ചെമ്പിലോട് എന്നീ വില്ലേജുകൾ ഉൾപ്പെടുന്നു.

കഴിഞ്ഞ 9 വർഷങ്ങളായി സർക്കാർ അനുവദിക്കുന്ന മുഴുവൻ ഫണ്ടുകളും 100 ശതമാനം ചെലവഴിക്കുകയും പഞ്ചായത്ത് പിരിച്ചെടുക്കേണ്ട മുഴുവൻ നികുതികളും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ ജില്ല, സംസ്ഥാന, ദേശീയ അവാർഡുകളിലായി ഏകദേശം ഒരു കോടിയോളം രൂപ ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്.

പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്ന പദ്ധതികളുടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 50 ലക്ഷം രൂപ വകയിരുത്തി കുടുംബശ്രീ വിപണന കേന്ദ്രവും ബാക്കി തുക അംഗൻവാടികൾ അടക്കമുള്ള സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികളും നടപ്പിലാക്കുന്നതിലാണ് വകയിരുത്തിയിരിക്കുന്നതെന്നുള്ള വസ്തുത ഇവിടെ പ്രത്യേകം പരാമർശിക്കുന്നു. ഇച്ഛാശക്തിയും ദിശാബോധവും നൽകുന്ന ഭരണ സമിതിയും എണ്ണയിട്ട യന്ത്രങ്ങൾ പോലെ സദാ കർമ്മ നിരതരായ ഒരു കൂട്ടം ഉദ്യോഗസ്ഥരുടെയും കൂട്ടായ്മയിലാണ് ഗ്രാമപഞ്ചായത്തിന്റെ നിരന്തരമായ മുന്നേറ്റം സാധ്യമാക്കുന്നത്.

2014-15 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സേവനങ്ങളെ ISO നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ഗ്രാമപഞ്ചായത്തിലെത്തുന്ന സാധാരണക്കാർക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഫ്രണ്ടോഫീസിൽ ഒരുക്കുകയും അതുവഴി ഗ്രാമപഞ്ചായത്ത് ഓഫീസിനെ ജനസൗഹൃദ കേന്ദ്രമാക്കി മാറ്റാനും സാധിച്ചിട്ടു



# പഞ്ചായത്ത് പൊതു ശ്മശാനം

ണ്ട്. ഫ്രണ്ടോഫീസായ 'ജനസൗഹൃദ കേന്ദ്രത്തിൽ' വിവിധ ആവശ്യങ്ങൾക്കായി വരുന്ന സാധാരണ ജനങ്ങൾക്കായി രാജീവ്ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാനിൽ ഉൾപ്പെടുത്തി 25 ഓളം എയർപോർട്ട് ചെയറുകളും ശുദ്ധീകരിച്ചതും തണുത്തതും ചൂടുള്ളതുമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ടോയ്‌ലറ്റ്, മുലയൂട്ടുന്ന അമ്മമാർമാർക്കായി ഫീഡിംഗ് റൂം, വികലാംഗർക്ക് റാമ്പ്, പൊതുജനങ്ങൾക്കു ജീവനക്കാർക്കും ടെലിവിഷൻ സൗകര്യം, അപേക്ഷകരെ ക്രമത്തിൽ വിളിക്കുന്നതിനായുള്ള ടോക്കൺ സൗകര്യം, സൂചിക വഴി അപേക്ഷ സ്വീകരിക്കുന്നതിനും ഡോക്യുമെന്റ് സ്കാനർ മുതലായ എല്ലാവിധ അത്യാധുനിക സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

സേവന സന്നദ്ധരായ ജീവനക്കാരുടെ കൂട്ടായ്മയും അർപ്പണബോധവും പഞ്ചായത്തിന്റെ വികസനത്തിൽ മുതൽക്കൂട്ടാകുന്നു. മുഴുവൻ പഞ്ചായത്ത് ജീവനക്കാർക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് ഉൾപ്പെടെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അവരെ മികച്ച രീതിയിൽ ജനങ്ങൾക്ക് യഥാസമയം സേവനം നൽകാൻ പ്രാപ്തരാക്കുന്നു. ഗ്രാമപഞ്ചായത്തുകൾക്കായി ഐ.കെ.എം. തയ്യാറാക്കിയ ഒട്ടുമിക്ക എല്ലാ സോഫ്റ്റ് വെയറുകളും ഗ്രാമപഞ്ചായത്തിൽ വിന്യസിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. 1970 മുതലുള്ള എല്ലാവിധ ജനന,മരണ, വിവാഹ സർട്ടിഫിക്കറ്റുകളും ഓൺലൈൻ ആക്കാനും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ കാര്യപ്രാപ്തി മെച്ചപ്പെടുത്തുന്നതിലേക്കായുള്ള പരിശീലനങ്ങൾ കഴിവതും നൽകി കഴിഞ്ഞിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾ ഊന്നൽ നൽകേണ്ട പ്രധാന വിഭാഗങ്ങളായ വൃദ്ധർ, വികലാംഗർ, ശിശുക്കൾ, സ്ത്രീകൾ എന്നിവർക്കായി പ്രത്യേക പരിഗണന ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തുകയും ക്ഷേമ പെൻഷനുകൾ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കായി എത്തിക്കുന്നതിനു സ്പെഷൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഗ്രാമപഞ്ചായത്തിനെ കഴിഞ്ഞ വർഷം സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തായി പ്രഖ്യാപിക്കാനും സാധിച്ചു.

സ്ത്രീകളെ ഒരു പൊതു വിഭാഗം എന്ന നിലയിൽ എന്നതിന് പകരം മറിച്ച് വ്യത്യസ്ത സാമൂഹിക സാമ്പത്തിക സാംസ്കാരിക ജീവിതാവസ്ഥകൾ നേരിടുന്നവരാണെന്ന സമീപനം സ്വീകരിച്ചു കൊണ്ടാണ് പഞ്ചായത്തിന്റെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ആയതിലേക്ക് പ്രാദേശിക സാമ്പത്തിക വികസനം ദാരിദ്ര നിർമ്മാർജ്ജന ഉപപദ്ധതി ആശ്രയ ,വനിത ശിശു വികസന പദ്ധതി ഭരണ നിർവ്വഹണ പദ്ധതി തുടങ്ങിയവയിൽ കുടുംബശ്രീകളെക്കൂടി പങ്കെടുപ്പിച്ച് കൊണ്ടുള്ള നയമാണ് പഞ്ചായത്ത് സ്വീകരിച്ചിരുന്നത്. ദാരിദ്ര ലഘൂകരണവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ശക്തവും വിപുലവുമായ കുടുംബശ്രീ സംവിധാനവും ഗ്രാമപഞ്ചായത്തിനുണ്ട്. എൽ.&.ടി കമ്പനിയുടെ സഹകരണത്തോട് കൂടി ചെമ്പിലോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 25 വയസ് മുതൽ 55 വയസ് വരെ പ്രായമായ വിവാഹിതരായ സ്ത്രീകളിലെ ഗർഭാശയ, ഗള, സ്തന, കാൻസർ നിർണയവും ചികിത്സക്കുമായി ആവിഷ്കരിച്ച 'കാൻസറിനെ ഭയപ്പെടാതെ ജീവിക്കാം' പരിപാടി കണ്ണൂർ ജില്ലക്ക് അകത്തും പുറത്തും ചർച്ച ചെയ്തതും അഭിനന്ദനമർഹിക്കുന്ന പദ്ധതി

യായിരുന്നു. പ്രസ്തുത പദ്ധതിയിലായി ഗ്രാമപഞ്ചായത്തു പരിധിയിൽ ഒരു മാസമായി നടന്ന ക്യാമ്പുകളിൽ ഏകദേശം ആയിരത്തോളം സ്ത്രീകളാണ് പരിശോധനയ്ക്കും ചികിത്സയ്ക്കുമായി എത്തിയത്. പ്രസ്തുത പരിപാടി സമൂഹത്തിന് കാൻസറിനോടുള്ള മനോഭാവം മാറ്റാൻ കഴിഞ്ഞു എന്നത് ഗ്രാമപഞ്ചായത്തിനും കുടുംബശ്രീക്കും അഭിമാനിക്കാൻ വക നൽകുന്നതാണ്.

പ്രാദേശിക സർക്കാറുകൾക്ക് ഏറ്റവും വെല്ലുവിളി ഉയർത്തുന്ന പ്രധാനപ്പെട്ട ഒരു വിഷയമാണ് മാലിന്യ പ്രശ്നം. വ്യക്തികളുടെ ആരോഗ്യത്തെയും സാമൂഹ്യ ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക എന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിടുന്ന വലിയൊരു പ്രതിസന്ധിയാണ്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനേക്കാൾ ബുദ്ധിമുട്ടുള്ള കാര്യമാണ് പ്ലാസ്റ്റിക് പോലുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണം ഈ പ്രതിസന്ധി വിജയകരമായി മറികടന്നു സംസ്ഥാനത്തിനാകെ മാതൃക സൃഷ്ടിച്ച സംരംഭമാണ് ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റ്. കേരള സംസ്ഥാനത്ത് മാത്രമല്ല ഇന്ത്യയിൽ തന്നെ ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി ആദ്യമായി ഒരു പ്ലാന്റ് സ്ഥാപിക്കുന്നത് ചെമ്പിലോട് ഗ്രാമപഞ്ചായത്തിലാണ്. ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ വികസന ചരിത്രത്തിന്റെ പ്രധാനപ്പെട്ട കാൽവെപ്പായ ഈ സ്ഥാപനം പ്ലാസ്റ്റിക് മാലിന്യം എന്ന സാമൂഹ്യ വിപത്തിൽ നിന്നും മണ്ണിനെയും പരിസ്ഥിതിയെയും സംരക്ഷിക്കുകയും മാലിന്യത്തിൽ നിന്ന് തൊഴിലവസരങ്ങളും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും സൃഷ്ടിക്കുന്ന മാതൃക സംരംഭവുമാണ്. വികസന രംഗത്ത് പുത്തൻ മാതൃകകൾ സൃഷ്ടിച്ച് മുമ്പേ പറക്കുന്ന പക്ഷിയെ പോലെ പ്രവർത്തിക്കുന്ന ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ ഈ സംരംഭം പ്ലാസ്റ്റിക് മാലിന്യ പരിപാലന രംഗത്ത് സംസ്ഥാനത്ത് തന്നെ മികച്ച സംരംഭമാണെന്ന കാര്യം നിസ്തർക്കമാണ്.




ഗ്രാമപഞ്ചായത്തിന്റെ നിതാന്ത ദർശനത്തിന്റെ മറ്റൊരു ഉദാഹരണമാണ് കുടുംബശ്രീ അപ്പാരൽപാർക്ക്. ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളിൽ ദാരിദ്ര രേഖയ്ക്കു താഴെയുള്ളതും തയ്യലറിയാവുന്നതുമായ വനിതകളെ കണ്ടെത്തി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ വിദഗ്ദ പരിശീലനം നൽകി വസ്ത്ര നിർമ്മാണ യൂണിറ്റാണ് ആരംഭിച്ചത്. 30 കുടുംബങ്ങൾക്ക് പ്രത്യക്ഷമായും അതിലേറെപേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്ന സംരംഭമാണിത്. ദാരിദ്ര ലഘൂകരണം, സ്ത്രീ ശാക്തീകരണം, സ്വയം പര്യാപ്തത എന്നിവ ഉറപ്പാക്കുന്ന സാമൂഹ്യ പ്രതിബദ്ധതയും ദീർഘ ദൃഷ്ടിയുമുള്ള പ്രാദേശിക സർക്കാരിന്റെ മാതൃകാ സംരംഭമാണ്.

2014-15 വർഷം നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ ജനകീയ മുഖം വെളിവാക്കുന്ന മറ്റൊരു പദ്ധതിയാണ് 'മംഗല്യ സഹായി'. ഗ്രാമപഞ്ചായത്തിലെ 25 നും 55 നും ഇടയിൽ പ്രായമുള്ള അവിവാഹിതരായവരും വിവാഹ മോചനം നേടിയവരുമായ യുവതീയുവാക്കളുടെ വിവരങ്ങൾ പ്രത്യേക വളണ്ടിയർമാ



രെ ഉപയോഗിച്ച് ഫോട്ടോ ഉൾപ്പെടെ ഒരാളെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ശേഖരിച്ച് 'മംഗല്യ സഹായി' രജിസ്റ്റർ തയ്യാറാക്കുകയും ഗ്രാമപഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിലെ അവിവാഹിതരുടെ എണ്ണം കുറക്കുകയും സാമൂഹ്യ സുരക്ഷിതത്വവും കുടുംബ ഭദ്രതയും ഉറപ്പിക്കുവാനുമായി. ഇങ്ങനെ ഒരു ഗ്രാമപഞ്ചായത്തിന് ഇടപെടാൻ ഉതകുന്ന സമഗ്ര മേഖലകളിലും ഇടപെട്ട് മുന്നേറുകയാണ്. ചെമ്പിലോട് ഗ്രാമപഞ്ചായത്ത്.

കൂടാതെ ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ശ്മശാന ഗ്രാന്റ് ഉപയോഗിച്ച് നിർമ്മിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന ശ്മശാനം, 'ശാന്തികുടീരം' പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ അധികാര വികേന്ദ്രീകരണത്തിലൂടെ ഒരു ഗ്രാമ പഞ്ചായത്തിന് കൈവരിക്കാവുന്ന പരമാവധി നേട്ടങ്ങൾ ജനങ്ങളിലേക്കും അതുവഴി സമൂഹത്തിലേക്കും എത്തിക്കാൻ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട് എന്ന് നിസംശയം പറയാൻ സാധിക്കും. പ്രസ്തുത പദ്ധതി വഴി ശുചിത്വ രംഗത്ത് സജ്ജീവവമായ ശ്രദ്ധ ചെലുത്തുന്നതിന്റെ ആവശ്യകതയിലേക്ക് സമീപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ബോധവത്കരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 3500 ഓളം കുടുംബങ്ങൾക്ക് പൈപ്പ് കമ്പോസ്റ്റ് വിതരണം ചെയ്ത് അടുക്കള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ ആവശ്യകതയിലേക്കുള്ള ബോധവത്കരണം നടത്തുന്നതിന് സാധിച്ചിരിക്കുന്നു. വ്യക്തി ശുചിത്വം പാലിക്കുന്നതിന്റെയും അതുവഴി നാടിന്റെ ശുചിത്വം കൈവരിക്കുന്നതിന്റെയും മാലിന്യ സംസ്കരണത്തിന്റെയും ഗൗരവപരമായ കാര്യങ്ങളെക്കുറിച്ച് വിദ്യാലയങ്ങൾ വഴി പുതു തലമുറകളെ ബോധവത്കരിക്കുന്നതിനും മുഴുവൻ വീടുകളിലും കക്കൂസ് ഏർപ്പെടുത്തുന്നതിനും മികച്ച ഭരണാസൂത്രണ പ്രവർത്തനങ്ങൾ വഴി സാധിച്ചിട്ടുണ്ട്. സമഗ്രമായ രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി അതാത് സമയങ്ങളിലെ മാരക സാക്രമിക രോഗമൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നില്ല. കുടിവെള്ള സ്രോതസ്സുകൾ മലനീകരണപ്പെടാതെ ഇരിക്കുന്നതിനുള്ള ക്ലോറിനേഷൻ നടത്തിയതിന്റെ ഫലമായി സുരക്ഷിത കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്.


കാർഷിക രംഗത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷത്തിലധികം തെങ്ങുകൾക്ക് ജൈവവളം നൽകൽ, മട്ടുപ്പാവിൽ പച്ചക്കറി കൃഷിയുടെ ഭാഗമായി ഗ്രോബാഗ് വിതരണം, ഫലവൃക്ഷ തൈകൾ വിതരണം ചെയ്യൽ, നെൽകൃഷി വികസനം ലക്ഷ്യമിട്ടുകൊണ്ട് കൂടുതൽ സ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കുകയും നെൽ, പച്ചക്കറി വികസനത്തിന് കുടുംബശ്രീ അംഗങ്ങളെക്കൂടി പങ്കെടുപ്പിച്ച് കൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ജനങ്ങളിൽ പുതിയൊരു കാർഷികാവബോധം സൃഷ്ടിച്ചെടുക്കുകയും ചെയ്തു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സ്കീം പ്രകാരം ഭൂവികസന പ്രവർത്തികൾ, മണ്ണ് സംരക്ഷണ പ്രവർത്തികൾ, കുളം നവീകരണം, മഴക്കുഴി നിർമ്മാണം തുടങ്ങിയവ ഏറ്റെടുത്ത് നടപ്പിലാക്കുന്നിനും അതുവഴി ഭൂഗർഭ ജലം പ്രകൃതി വിഭവങ്ങൾ പരിസ്ഥിതി തുടങ്ങിയവ സംരക്ഷിക്കുന്നതിനും ഒരു ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് നൽകുന്നതിനും സാധിച്ചിട്ടുണ്ട്. 151 തൊഴിൽ ദിനങ്ങൾ കൊണ്ട് സ്ത്രീകൾ 13.509 മീറ്റർ ആഴമുള്ള കിണർ ഈ പദ്ധതി പ്രകാരം പണിതിട്ടുള്ള വസ്തുത ഏവരെയും അത്ഭുതപ്പെടുത്തിയിട്ടുള്ളതാണ്.,

നിലവിലുള്ള 2 പട്ടികജാതി കോളനികളിൽ മുഴുവൻ പേർക്കും ഭവനവും, കക്കൂസും, കുടിവെള്ള സൗകര്യവും, റോഡ്, തെരുവ് വിളക്ക് സൗകര്യവും ഏർപ്പെടുത്താൻ കഴിഞ്ഞു. ഈ വിഭാഗത്തിലുള്ളവരെ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും പദ്ധതി ഗുണഭോക്താക്കളിൽ ഇവരെ ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. വിവര വിനിമയ രംഗത്തും മറ്റു വികസന രംഗത്തും മത്സരപരീക്ഷകളിൽ പങ്കെടുക്കുപ്പിക്കുന്നതിനുള്ള മികവ് വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 'വിജ്ഞാൻവാടി' എന്ന പേരിലുള്ള പദ്ധതി പ്രസ്തുത ആവശ്യത്തിലേക്ക് പണി കഴിപ്പിച്ച കെട്ടിടത്തിൽ ആരംഭിച്ചിട്ടുണ്ട്.

അയൽക്കൂട്ടങ്ങൾ, വാർഡ് വികസന സമിതികൾ, സബ് കമ്മിറ്റി,. പ്രവർത്തന കമ്മിറ്റി, ഗ്രാമസഭ, വികസന സെമിനാർ, സ്റ്റാന്റിംഗ് കമ്മിറ്റി, കുടുംബശ്രീകൾ, സന്നദ്ധ പ്രവർത്തകർ, ഉദ്യോഗസ്ഥ വൃന്ദങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ തുടങ്ങിയവർ ഒന്നുചേർന്ന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ വിജയം കണ്ടത്. മികച്ച ജനാധിപത്യ സംസ്കാരത്തിന്റെയും ജനാധിപത്യ സ്ഥാപനത്തിന്റെയും പ്രവർത്തന ഫലമായിട്ടാണ് ഗ്രാമപഞ്ചായത്തിനെ ശാക്തീകരിക്കുക വഴി ജനങ്ങളെ ശാക്തീകരിക്കുവാൻ സാധിച്ചുവെന്നത് നിസ്സംശയം പറയാം. ◆

*ചെമ്പിലോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് ലേഖനം തയ്യാറാക്കിയത്*




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

PANCHAYATRAJ (Monthly) December 2015
Annual Subscription ₹120/-, Published on 20th December 2015
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to Post without Prepayment No. KL/TV(N) WPP-85/2015-17




Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS